09
2025
മെയ്
വെള്ളി
മേടം 26

NAUTICAL TIMES
KERALA

The National Daily in Malayalam / English

# നോട്ടിക്കൽ ടൈംസ് കേരള

e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391

തിരുവനന്തപുരം Thiruvananthapuram | web: www. nauticaltimesmedia.com | Volume-6, Issue No.134 Page 4, | Price: Rs. 2 | പുസ്തകം-6 ലക്കം-134 | പേജ് 4. വില 2.00 രൂപ








02 450 ഫാർമസികളുടെ ലൈസൻസ് സസ്പെൻഡ് ചെയ്തു

03 പ്രകോപിച്ചാൽ ഇനിയും തിരിച്ചടിയെന്ന് രാജ്നാഥ് സിംഗ്

04 സംസ്ഥാനത്ത് വീണ്ടും നിപ; മലപ്പുറം സ്വദേശിനിക്ക് രോഗം സ്ഥിരീകരിച്ചു


# തിരിച്ചടിയിൽ നടുങ്ങി പാകിസ്ഥാൻ



- ഇസ്ലാമാബാദിൽ ഇന്ത്യൻ മിസൈൽ വർഷം, പാക് പൈലറ്റ് പിടിയിൽ
- സേനാ മേധാവിമാരെ കണ്ട് പ്രതിരോധമന്ത്രി,
- യുഎസ് ഇടപെടുന്നു

ന്യൂഡൽഹി: ആവർത്തിച്ചുള്ള മുന്നറിയിപ്പിലും പഠിക്കാത്ത പാകിസ്താൻ ഇന്ത്യയുടെ തിരിച്ചടിയിൽ നടുങ്ങുന്നു. പാക് തലസ്ഥാനമായ ഇസ്ലാമാബാദിലുൾപ്പെടെ ഇന്ത്യൻ ഡ്രോണുകളും മിസൈലുകളുമെത്തി എന്നാണ് റിപ്പോർട്ടുകൾ. ഇതിന് പുറമെ ലാഹോറിലും സിയാൽകോട്ടിലും കറാച്ചിയിലും ഇന്ത്യയുടെ ആക്രമണത്തെത്തുടർന്ന് സ്ഫോടനങ്ങൾ നടന്നതായി റിപ്പോർട്ടുകളുണ്ട്.

ഇന്ത്യൻ വ്യോമാക്രമണത്തിൽ ഭയന്ന് പാക് നഗരങ്ങൾ സമ്പൂർണ ബ്ലാക്കൗട്ടിലാണ്. പാകിസ്താനിൽ ഇന്ത്യ ലക്ഷ്യമിട്ട സ്ഥലങ്ങളിൽ ആക്രമണം നടത്തിയെന്നാണ് റിപ്പോർട്ടുകൾ. ആക്രമണത്തിന്റെ കൂടുതൽ വിവരങ്ങൾ പുറത്തുവന്നിട്ടില്ല. വ്യാഴാഴ്ച രാത്രി എട്ടുമണിക്ക് ശേഷമാണ് പാകിസ്താന്റെ ആക്രമണ ശ്രമമുണ്ടായത്. ഇന്ത്യയിലെ ജമ്മുവിലെ വിമാനത്താവളമുൾപ്പെടെ ആക്രമിക്കാൻ ലക്ഷ്യമിട്ടെത്തിയ പാക് ഡ്രോണുകളും മിസൈലുകളും പാകിസ്താന്റെ യുദ്ധവിമാനങ്ങളും ഇന്ത്യ വെടിവെച്ചിട്ടു.

അതിനിടെ വ്യോമനിരീക്ഷണത്തിനായി ഇറങ്ങിയ പാകിസ്താന്റെ അവാക്സ് ( അണഅളട) വിമാനവും ഇന്ത്യ വെടിവെച്ചിട്ടുവെന്നാണ് വിവരം. പഞ്ചാബിൽ വെച്ചാണ് അവാക്സ് വിമാനം ഇന്ത്യ വെടിവെച്ചിട്ടത്. അതിനിടെ രാജസ്ഥാനിലെ ജെയ്സാൽമീറിൽ നിന്ന് പാക് വ്യോമസേന പൈലറ്റിനെ പിടികൂടിയെന്നാണ് റിപ്പോർട്ടുകൾ.

പാക് സൈന്യം ഭീകര സംഘടയായ ഹമാസിനേപ്പോലെയാണ് പെരുമാറുന്നതെന്ന് പ്രതിരോധ വൃത്തങ്ങൾ അഭിപ്രായപ്പെട്ടു. വ്യോമപ്രതിരോധ സംവിധാനങ്ങളുടെ ശേഷിയെ മറികടക്കാൻ കൂട്ടമായി റോക്കറ്റുകൾ ഉപയോഗിച്ച് ആക്രമിക്കുന്നത് ഹമാസിന്റെ ശൈലിയാണ്. ഇതേപോലെയാണ് പാക് സൈന്യം ആക്രമണം നടത്തിയത്. എന്നാൽ അതിനെയും ഇന്ത്യ പരാജയപ്പെടുത്തി.

ഇന്ത്യയുടെ എസ്400 സംവിധാനത്തിന് പുറമെ ആകാശ്, വിമാനവേധ തോക്കുകൾ, എംആർഎസ്എം മിസൈൽ എന്നിവയുടെ സംയുക്ത പ്രവർത്തനമാണ് പാക് ശ്രമങ്ങളെ വിഫലമാക്കാൻ ഇന്ത്യ ഉപയോഗിച്ചത്. ഇന്ത്യാപാക് സംഘർഷം മറ്റൊരു തലത്തിലേക്ക് വളരുകയാണ് എന്നുള്ള സൂചനയാണ് പുറത്തുവരുന്നത്. അതിനിടെ ഇന്ത്യയോടും പാകിസ്താനോടും സംയമനം പാലിക്കണമെന്ന് ആവശ്യപ്പെട്ട് യു.എസ് രംഗത്ത് വന്നിട്ടുണ്ട്



## കർദിനാൾ റോബർട്ട് ഫ്രാൻസിസ് പ്രവോസ്ത്

# പുതിയ മാർപാപ്പ

## ഇനി ലിയോ പതിനാലാമൻ

വത്തിക്കാൻ സിറ്റി : ആഗോള കത്തോലിക്കാ സഭയ്ക്ക് പുതിയ ഇടയൻ. യുഎസിൽനിന്നുള്ള കർദിനാൾ റോബർട്ട് ഫ്രാൻസിസ് പ്രവോസ്തയെ പുതിയ മാർപാപ്പയായി തിരഞ്ഞെടുത്തു. ഇദ്ദേഹം ഇനി ലിയോ പതിനാലാമൻ മാർപാപ്പ എന്ന് അറിയപ്പെടും. യുഎസിൽനിന്നുള്ള ആദ്യ മാർപാപ്പയാണ് ഇദ്ദേഹം. പാപ്പയെ തിരഞ്ഞെടുക്കാനുള്ള കോൺക്ലേവ് നടക്കുന്ന സിസ്റ്റീൻ ചാപ്പലിലെ ചിമ്മിനിയിൽനിന്ന് വെളുത്ത പുക ഉയർന്നതോടെയാണ് പുതിയ മാർപാപ്പ തിരഞ്ഞെടുക്കപ്പെട്ടതായി സ്ഥിരീകരിക്കപ്പെട്ടത്. കോൺക്ലേവ് കൂടി രണ്ടാം ദിനമാണ് പുതിയ മാർപ്പാപ്പയെ തിരഞ്ഞെടുക്കുന്നത്. തിരഞ്ഞെടുക്കപ്പെട്ടതിനു പിന്നാലെ പുതിയ മാർപ്പാപ്പ സ്ഥാനവസ്ത്രങ്ങൾ അണിഞ്ഞ് സെന്റ് പീറ്റേഴ്സ് ബസിലിക്കയുടെ ബാൽക്കണിയിൽ എത്തി വിശ്വാസികളെ കാണും. സെന്റ് പീറ്റേഴ്സ് ചത്വരത്തിൽ തടിച്ചുകൂടിയ ജനങ്ങൾക്കിടയിൽ വലിയതോതിൽ സന്തോഷപ്രകടനങ്ങൾ ഉണ്ടായി. വെളുത്ത പുക കാണാൻ ആളുകൾ ഓടിക്കൂടി. സന്തോഷം കൊണ്ടു തുള്ളിച്ചാടി ആകാശത്തേക്കുനോക്കി പ്രാർഥന നടത്തുകയും ചെയ്തു പലരും. വലിയ ശബ്ദത്തിൽ മണികൾ മുഴങ്ങുകയും ചെയ്തു. 45,000ത്തിലധികം പേരാണു പുതിയ മാർപാപ്പയെ തിരഞ്ഞെടുത്തുവെന്ന വാർത്ത കേൾക്കാനായി ഇന്നലെ തടിച്ചുകൂടിയത്.

## കെപിസിസി അധ്യക്ഷനായി സണ്ണി ജോസഫ്; അടൂർ പ്രകാശ് യുഡിഎഫ് കൺവീനർ



ദില്ലി: കെപിസിസി അധ്യക്ഷ സ്ഥാനത്തേക്ക് വാദ പ്രതിവാദങ്ങൾ നടക്കുന്നതിനിടെ അധ്യക്ഷനായി സണ്ണി ജോസഫ് എംഎൽഎയെ നിയമിച്ചു. നിലവിലെ അധ്യക്ഷനായിരുന്ന കെ സുധാകരൻ കോൺഗ്രസിന്റെ പ്രവർത്തക സമിതിയിലെത്തി. അടൂർ പ്രകാശ് ആണ് യുഡിഎഫ് കൺവീനർ. പിസി വിഷ്ണുനാഥ്, എപി അനിൽകുമാർ, ഷാഫി പറമ്പിൽ എന്നിവർ വർക്കിംഗ് പ്രസിഡന്റുമാരാണ്. പ്രസിഡന്റ് സ്ഥാനത്തുനിന്നും മാറണമെന്ന് പാർട്ടി ആവശ്യപ്പെട്ടിട്ടില്ലെന്ന് സുധാകരൻ പ്രതികരിച്ചിരുന്നു. ഈ പ്രതികരണത്തിൽ പാർട്ടിക്ക് അതൃപ്തിയുമുണ്ടായിരുന്നു. അതിനിടെയാണ് സണ്ണി ജോസഫിനെ നിയമിച്ചു കൊണ്ടുള്ള തീരുമാനം വരുന്നത്.

സണ്ണി ജോസഫ്. 2011 മുതൽ പേരാവൂർ മണ്ഡലത്തെ നിയമസഭയിൽ പ്രതിനിധീകരിക്കുന്ന എംഎൽഎ. ഇനി ഈ പേരിന് സംസ്ഥാന കോൺഗ്രസിനെ നയിക്കുന്ന നേതാവ് എന്ന അർത്ഥവുമുണ്ട്. തുടർച്ചയായി കണ്ണൂരിൽ നിന്ന് തന്നെ കെപിസിസിക്ക് മറ്റൊരു പ്രസിഡണ്ടിനെ കിട്ടുന്നു എന്നതും പ്രത്യേകതയാണ്. സംസ്ഥാനം ഭരിക്കുന്ന സിപിഎമ്മിൻറെ ശക്തി കേന്ദ്രവും മുഖ്യമന്ത്രിയുടെയും സംസ്ഥാന സെക്രട്ടറിയുടെയും നാടുമായ കണ്ണൂരിൽ നിന്ന് തന്നെ പ്രതിപക്ഷ പാർട്ടിയുടെ ഉന്നത സ്ഥാനത്തേക്ക് തിരഞ്ഞെടുത്തു എന്നതും സണ്ണി ജോസഫിൻറെ വരവിലെ സവിശേഷതയാണ്

### ഇന്ത്യക്കെതിരേ ജിഹാദിന് ആഹ്വാനം ചെയ്ത് അൽ ഖ്വയ്ദ

ന്യൂഡൽഹി: ഇന്ത്യക്കെതിരേ ജിഹാദിന് ആഹ്വാനം ചെയ്ത് ആഗോള ഭീകരസംഘടനയായ അൽ ഖയ്ദ.

പാക്കിസ്ഥാനിലെയും പാക് അധിനിവേശ കാഷ്മീരിലെയും ഭീകരകേന്ദ്രങ്ങളിൽ ഇന്ത്യ നടത്തിയ ഓപ്പറേഷൻ സിന്ദൂർ ആക്രമണത്തിനുശേഷമാണ് ഇന്ത്യക്കെതിരേ ജിഹാദിന് അൽ ഖയ്ദ ആഹ്വാനം ചെയ്തത്. പ്രസ്താവനയിലൂടെയാണു ഭീകരർ ഇക്കാര്യം പുറത്തുവിട്ടത്.

## ഐപിഎൽ മത്സരം ഉപേക്ഷിച്ചു, കാണികളോട് സ്റ്റേഡിയം വിടാൻ നിർദേശം

ധരംശാല: ഐപിഎല്ലിലെ പഞ്ചാബ് കിങ്സ്ഡൽഹി ക്യാപിറ്റൽസ് മത്സരം ഉപേക്ഷിച്ചു. ജമ്മുവിൽ ഇന്ത്യപാക് സംഘർഷം തുടരുന്ന പശ്ചാത്തലത്തിലാണ് നടപടി. മുൻകരുതൽ നടപടികളുടെ ഭാ?ഗമായാണ് മത്സരം റദ്ദാക്കിയതെന്ന് ഐപിഎൽ ചെയർമാൻ അരുൺ ധുമാൽ ഐഎഎൻഎസ്സിനോട് പ്രതികരിച്ചു. സ്റ്റേഡിയത്തിലെ ഫ്ളഡ് ലൈറ്റുകൾ പ്രവർത്തനരഹിതമായതിന് പിന്നാലെ കളി നിർത്തിവെച്ചിരുന്നു. അതിന് ശേഷമാണ് കളി ഉപേക്ഷിക്കാനുള്ള തീരുമാനമെടുത്തത്. ടീമുകളോടും കാണികളോടും സ്റ്റേഡിയം വിടാൻ നിർദേശിച്ചിട്ടുണ്ട്.

ആദ്യം ബാറ്റ് ചെയ്ത പഞ്ചാബ് കിങ്സിന്റെ ഇന്നിങ്സ് പുരോഗമിക്കുന്നതിനിടെയാണ് മത്സരം തടസ്സപ്പെട്ടത്. 10.1 ഓവറിൽ 1221 എന്ന നിലയിലായിരുന്നു പഞ്ചാബ്. 34 പന്തിൽ നിന്ന് 70 റൺസെടുത്ത പ്രിയാൻഷ് ആര്യയുടെ വിക്കറ്റ് മാത്രമാണ് പഞ്ചാബിന് നഷ്ടമായിരുന്നത്. പ്രഭ്സിമ്രാൻ സിങ്(50), ശ്രേയസ്സ് അയ്യർ എന്നിവരാണ് ക്രീസിലുണ്ടായിരുന്നത്.






## ഉത്തരാഖണ്ഡിൽ ഹെലികോപ്റ്റർ തകർന്ന് വിനോദസഞ്ചാരികൾ മരിച്ചു

ഉത്തർകാശി: ഉത്തരാഖണ്ഡിൽ ഹെലികോപ്റ്റർ തകർന്ന് നാല് വിനോദസഞ്ചാരികൾ മരിച്ചു. ഉത്തർകാശിയിൽ വ്യാഴാഴ്ച രാവിലെയായിരുന്നു അപകടം.

ആറുപേരായിരുന്നു ഹെലികോപ്റ്ററിൽ ഉണ്ടായിരുന്നത്. രണ്ടുപേർക്ക് അപകടത്തിൽ പരിക്കേറ്റതായാണ് റിപ്പോർട്ട്.

ഡെറാഡൂണിൽ നിന്ന് ഹർസിലേക്കുള്ള യാത്രയ്ക്കിടെയായിരുന്നു അപകടം. സംസ്ഥാന ദുരന്ത നിവാരണ സേനയും ജില്ലാ ഭരണകൂട സംഘങ്ങളും ദുരിതാശ്വാസ, രക്ഷാപ്രവർത്തനങ്ങൾക്കായി സ്ഥലത്തെത്തിയിട്ടുണ്ട്. രക്ഷാപ്രവർത്തനം പുരോഗമിക്കുകയാണ്.

ഉത്തർകാശി ജില്ലാ മജിസ്ട്രേറ്റും സ്ഥലത്തേക്ക് പുറപ്പെട്ടിട്ടുണ്ട്. അപകടകാരണം അന്വേഷിച്ചുവരികയാണ്.

## തുടർച്ചയായി ഷെല്ലാക്രമണം നടത്തി പാക്കിസ്ഥാൻ

ശ്രീനഗർ: ജമ്മുകാഷ്മീരിലെ കുപ്വാര ജില്ലയിലെ നിയന്ത്രണ രേഖയിൽ (എൽഒസി) അതിർത്തി കടന്ന് ഷെല്ലാക്രമണം നടത്തി പാക്കിസ്ഥാൻ. കർണാ മേഖലയിലെ ഗ്രാമങ്ങൾ ലക്ഷ്യമിട്ട് പാക്കിസ്ഥാൻ സൈന്യം അർദ്ധരാത്രിക്ക് ശേഷം ഷെല്ലുകളും മോർട്ടാറുകളും പ്രയോഗിച്ചതായി ഉദ്യോഗസ്ഥർ പറഞ്ഞു.

പ്രകോപനമില്ലാതെ നടന്ന ആക്രമണത്തിനെതിരെ ഇന്ത്യൻ സായുധ സേന തിരിച്ചടിച്ചു. ഇതുവരെ ആളപായമൊന്നും റിപ്പോർട്ട് ചെയ്തിട്ടില്ല.

ഇന്ത്യയുടെ ഓപ്പറേഷൻ സിന്ദൂറിനെ തുടർന്ന് പാക്കിസ്ഥാൻ സൈന്യം ഷെല്ലാക്രമണം നടത്തിയതിനാൽ ബുധനാഴ്ച കർണ്ണയിലെ ഭൂരിഭാഗം സാധാരണക്കാരും സുരക്ഷിതമായ പ്രദേശങ്ങളിലേക്ക് മാറിയിരുന്നു.

# എ.എം.ആർ. പ്രതിരോധം: 450 ഫാർമസികളുടെ ലൈസൻസ് സസ്പെൻഡ് ചെയ്തു, 5 ലൈസൻസുകൾ ക്യാൻസൽ ചെയ്തു

## എല്ലാ ജില്ലകളിലും എഎംആർ ലാബ്, എൻ പ്രൗഡ് എല്ലാ ജില്ലകളിലേക്കും വ്യാപിപ്പിക്കും

## മന്ത്രി വീണാ ജോർജിന്റെ നേതൃത്വത്തിൽ എ.എം.ആർ. ഉന്നതതല യോഗം

ആന്റിബയോട്ടിക്കുകളുടെ അമിത ഉപയോഗം തടയാനുള്ള കാർസാപ്പിന്റെ (കേരള ആന്റി മൈക്രോബിയൽ റെസിസ്റ്റൻസ് സ്ട്രാറ്റജിക് ആക്ഷൻ പ്ലാൻ) ഭാഗമായി സംസ്ഥാനം ശക്തമായ നടപടികൾ സ്വീകരിക്കുന്നതായി ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. ഡോക്ടറുടെ പ്രിസ്ക്രിപ്ഷൻ ഇല്ലാതെ ആന്റിബയോട്ടിക്കുകൾ മെഡിക്കൽ സ്റ്റോറുകളിൽ വിൽക്കാൻ പാടില്ല എന്ന സർക്കാർ നിർദ്ദേശം ഏതാണ്ട് പൂർണമായി നടപ്പാക്കാൻ കഴിഞ്ഞു. ഇതിന്റെ ഭാഗമായി 450 ഫാർമസികളുടെ ലൈസൻസുകൾ സസ്പെൻഡ് ചെയ്യുകയും 5 എണ്ണം ക്യാൻസൽ ചെയ്യുകയും ചെയ്തു. ശക്തമായ പ്രവർത്തനങ്ങളിലൂടെ കേരളത്തിൽ ആന്റിബയോട്ടിക്കുകളുടെ ഉപയോഗത്തിൽ 20 മുതൽ 30 ശതമാനം വരെ കുറവുണ്ടായി എന്നുമാത്രമല്ല ഉപയോഗിക്കപ്പെടുന്നത് തന്നെ താരതമ്യേന ഭീഷണി കുറഞ്ഞ ആന്റിബയോട്ടിക്കുകളാണ് എന്ന് ഉറപ്പാക്കാനും നമുക്ക് കഴിഞ്ഞിട്ടുണ്ടെന്നും മന്ത്രി വ്യക്തമാക്കി.

മന്ത്രിയുടെ നേതൃത്വത്തിൽ എഎംആർ ഉന്നതതലയോഗം ചേർന്നു. പാല്, ഇറച്ചി, മീൻ എന്നിവയിൽ ആന്റിബയോട്ടിക് അവശിഷ്ടം കണ്ടെത്തുന്നതിന് പരിശോധനകൾ ശക്തമാക്കാൻ യോഗം നിർദേശം നൽകി. കാലിത്തീറ്റകളിലേയും കോഴിത്തീറ്റകളിലേയും ആന്റിബയോട്ടിക്കുകളുടെ അളവ് കുറയ്ക്കാൻ സമഗ്രമായ നടപടി സ്വീകരിക്കാനും നിർദേശം നൽകി. കേരളത്തിലെ എല്ലാ ആശുപത്രികളേയും ആന്റിബയോട്ടിക് സ്മാർട്ട് ആശുപത്രികളാക്കുന്നതിന്റെ ഭാഗമായി ഒരു കളർ കോഡിംഗ് കൊണ്ടുവരാനും തീരുമാനമായി. 3 മാസത്തിനുള്ളിൽ എല്ലാ ആശുപത്രികളും ഇത് നടപ്പിലാക്കണം. ആന്റിബയോട്ടിക് സാക്ഷരതയുടെ ഭാഗമായി തദ്ദേശ സ്ഥാപനങ്ങൾക്കുള്ള മാർഗരേഖ പുറത്തിറക്കാനും നിർദേശം നൽകി. ഈ മാർഗരേഖ അനുസരിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ കളർകോഡ് ചെയ്യും. ഈ കളർകോഡിന്റെ അടിസ്ഥാനത്തിൽ മൈക്രോ പ്ലാൻ രൂപീകരിച്ച് എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളേയും ആന്റിബയോട്ടിക്-സ്മാർട്ട് ആക്കാനുള്ള പ്രവർത്തനങ്ങൾ നടത്തണം.

ഇനിമുതൽ നിർബന്ധമായും ആന്റീബയോട്ടിക്കുകൾ തിരിച്ചറിയാനായി നീലക്കവറിൽ മാത്രമേ നൽകാൻ പാടുള്ളൂ. എല്ലാ ആശുപത്രികളും മെഡിക്കൽ സ്റ്റോറുകളും ഫാർമസികളും ഇത് നടപ്പിലാക്കണം. കൂടുതൽ ആശുപത്രികളെ ആന്റീബയോട്ടിക് സ്മാർട്ട് ആശുപത്രികളാക്കാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ഐഎംഎ, എപിഐ, ഐഎപി, സിഐഡിഎസ് തുടങ്ങിയ സംഘടനകളുടെ സഹായത്തോടെ സ്വകാര്യ മേഖലയിലേയും പ്രവർത്തനം ശക്തിപ്പെടുത്തും. 4 ലക്ഷത്തിലധികം വീടുകളിൽ ആരോഗ്യ പ്രവർത്തകർ നേരിട്ടെത്തി അവബോധം നൽകി. ഈ വർഷം ഡിസംബറോടെ ആന്റിബയോട്ടിക് സാക്ഷരതയുള്ള സംസ്ഥാനമാക്കാനാണ് ലക്ഷ്യമിടുന്നത്.

രാജ്യത്ത് ആദ്യമായി എറണാകുളം ജില്ല പുറത്തിറക്കിയ ഹബ്ബ് ആന്റ് സ്പോക്ക് മാതൃകയിലുള്ള ജില്ലാതല ആന്റിബയോഗ്രാം മറ്റ് ജില്ലകളും ഘട്ടംഘട്ടമായി പുറത്തിറക്കാൻ മന്ത്രി നിർദേശം നൽകി. കാലഹരണപ്പെട്ടതും ഉപയോഗശൂന്യമായതുമായ മരുന്നുകൾ ശാസ്ത്രീയമായി ശേഖരിച്ച് സംസ്കരിക്കുന്നതിനായി സംസ്ഥാന ഡ്രഗ്സ് കൺട്രോൾ വകുപ്പ് കോഴിക്കോട് നടപ്പിലാക്കിയ എൻപ്രൗഡ് സംസ്ഥാന വ്യാപകമാക്കുന്നതാണ്. 2018ൽ ഒരു എഎംആർ ലാബ് മാത്രമാണ് ഉണ്ടായിരുന്നത്. സംസ്ഥാനത്ത് കഴിഞ്ഞ രണ്ടു വർഷം കൊണ്ട് എല്ലാ ജില്ലകളിലും എഎംആർ ലാബുകൾ സ്ഥാപിക്കാനായി. ഈ ലാബുകളിലൂടെ ഓരോ മാസവും 10,000 ഓളം സാമ്പിളുകൾ ഹബ്ബ് ആന്റ് സ്പോക്ക് മാതൃകയിൽ പരിശോധിച്ചു വരുന്നു. ഇതിലൂടെ സംസ്ഥാനമൊട്ടാകെ 185 ഓളം സ്പോക്ക് ആശുപത്രികളിൽ നിന്ന് കൾച്ചർ സാമ്പിളുകൾ ജില്ലാ എഎംആർ ലാബുകളിൽ പരിശോധിക്കുന്നുണ്ട്.

ആന്റിബയോട്ടിക്ക് മരുന്നുകൾ ദുരുപയോഗം ചെയ്യുന്നതിനെതിരെയുള്ള ബോധവൽക്കരണ പ്രവർത്തനങ്ങളിൽ കേരളം മാതൃകയെന്ന് പ്രമുഖ പരിസ്ഥിതി സംഘടനയായ സെന്റർ ഫോർ സയൻസ് എൻവയൺമെന്റ് (സിഎസ്ഇ) അടുത്തിടെ റിപ്പോർട്ട് ചെയ്തിരുന്നു. ദ്വിതീയ തലത്തിലേയും പ്രാഥമിക തലത്തിലേയും എഎംആർ സർവൈലൻസ് നടത്തുന്ന ഏക സംസ്ഥാനം കൂടിയാണ് കേരളം. 59 ത്രിതീയ ആശുപത്രികളിൽ കാർസ്നെറ്റ് ശൃംഖല വ്യാപിപ്പിക്കാൻ സാധിച്ചു.

മുഖ്യമന്ത്രിയുടെ സയന്റിഫിക് അഡ്വൈസർ ഡോ. എം.സി. ദത്തൻ, ആരോഗ്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി, മറ്റ് വകുപ്പ് മേധാവികൾ എന്നിവർ യോഗത്തിൽ പങ്കെടുത്തു.

# മോക് ഡ്രില്ലിന് നേതൃത്വം നൽകിയത് 6,900 ഉദ്യോഗസ്ഥർ

കേന്ദ്ര ആഭ്യന്തരമന്ത്രാലയത്തിന്റെ നിർദേശപ്രകാരം കേരളത്തിലുടനീളം മേയ് 7ന് നടത്തിയ മോക് ഡ്രില്ലിന് നേതൃത്വം നൽകിയത് പൊലീസ്, ഫയർ ആന്റ് റസ്ക്യു, ദുരന്തനിവാരണം തുടങ്ങി വിവിധ വകുപ്പുകളിലെ 6,900 ഉദ്യോഗസ്ഥർ. ഇവരെക്കൂടാതെ ഫയർ ആൻഡ് റെസ്ക്യുവിന് കീഴിലുള്ള 1,882 സിവിൽ ഡിഫൻസ് വോളണ്ടിയർമാരും മോക്ഡ്രില്ലിൽ പങ്കാളിയായി. സംസ്ഥാനത്തെ 163 കേന്ദ്രങ്ങളിലായിരുന്നു വൈകിട്ട് 4 മുതൽ 4.30 വരെ മോക് ഡ്രിൽ സംഘടിപ്പിച്ചത്. ഇതിൽ കാസർകോഡ് ജില്ലയിലായിരുന്നു കൂടുതൽ കേന്ദ്രങ്ങൾ, 63 എണ്ണം. തിരുവനന്തപുരത്ത് 26 കേന്ദ്രങ്ങളിലും പത്തനംതിട്ടയിൽ 16 കേന്ദ്രങ്ങളിലും എറണാകുളത്ത് 12 കേന്ദ്രങ്ങളിലും മോക് ഡ്രിൽ നടന്നു.

വിവിധ വകുപ്പുകളിലെ 1,158 ഉദ്യോഗസ്ഥരും 355 സിവിൽ ഡിഫൻസ് വോളണ്ടിയർമാരുമാണ് തലസ്ഥാനത്തെ മോക് ഡ്രില്ലിൽ ഭാഗമായത്. മോക്ക്ഡ്രിൽ നടത്തുന്നത് സംബന്ധിച്ച് ചൊവ്വാഴ്ച ചീഫ് സെക്രട്ടറി വിവിധ വകുപ്പുതല ഉദ്യോഗസ്ഥരുടെ യോഗം വിളിച്ച് ആവശ്യമായ നിർദ്ദേശങ്ങൾ നൽകിയിരുന്നു. ജില്ലകളിലെ പ്രവർത്തനങ്ങൾ ജില്ലാ കളക്ടർമാർ ഏകോപിപ്പിച്ചു.

സംസ്ഥാനത്തെ മോക് ഡ്രിൽ പ്രവർത്തനങ്ങളുടെ മേൽനോട്ടത്തിന് ആഭ്യന്തര വകുപ്പ് അഡിഷണൽ ചിഫ് സെക്രട്ടറിയുടെ നേതൃത്വത്തിൽ സെക്രട്ടേറിയറ്റ് സൗത്ത് കോൺഫറൻസ് ഹാളിൽ പ്രത്യേക കണ്ട്രോൾ റൂം പ്രവർത്തിച്ചു. മൊക്ക്ഡ്രില്ലിന്റെ ഭാഗമായി നടത്തിയ പ്രവർത്തനങ്ങൾ ബുധനാഴ്ച വൈകിട്ട് വിലയിരുത്തുകയും ചെയ്തു.

# സിവിൽ സർവീസ് പരീക്ഷാ പരിശീലനം

പട്ടികജാതി വിഭാഗത്തിലുള്ളവർക്കായി പട്ടികജാതി വികസന വകുപ്പിനു കീഴിൽ മണ്ണന്തല അംബേദ്ക്കർ ഭവനിൽ പ്രവർത്തിക്കുന്ന ഇൻസ്റ്റിറ്റ്യൂട്ട് ഫോർ സിവിൽ സർവീസസ് എക്സാമിനേഷൻ ട്രെയിനിങ് സൊസൈറ്റി (ഐ.സി.എസ്.ഇ.ടി.എസ്) മുഖേന നടപ്പിലാക്കുന്ന ലക്ഷ്യ സ്കോളർഷിപ്പ് പദ്ധതിയിലേക്കും പട്ടികജാതി, പട്ടികവർഗ വിഭാഗക്കാർക്കായി കേരള സ്റ്റേറ്റ് സിവിൽ സർവ്വീസ് അക്കാദമിയുടെ കീഴിൽ നടക്കുന്ന സിവിൽ സർവ്വീസ് പരീക്ഷാ പരിശീലന പദ്ധതിയിലേക്കും അപേക്ഷ ക്ഷണിച്ചു. അംഗീകൃത സർവകലാശാല ബിരുദമാണ് അപേക്ഷിക്കുന്നതിനുള്ള അടിസ്ഥാന യോഗ്യത. മെഡിക്കൽ/ എൻജിനിയറിങ് പ്രൊഫഷണൽ കോഴ്സുകളിൽ ബിരുദ/ ബിരുദാനന്തരമുള്ളവർക്കും മറ്റ് വിഷയങ്ങളിൽ ഉയർന്ന മാർക്കോടെ ബിരുദ/ ബിരുദാനന്തരമുള്ളവർക്കും മുൻഗണന ലഭിക്കും. നിലവിൽ പരീക്ഷ എഴുതി ഫലം കാത്തിരിക്കുന്നവർക്കും അപേക്ഷിക്കാം.

ഇവർ കൂടികാഴ്ചയിൽ പങ്കെടുക്കുമ്പോൾ യോഗ്യത തെളിയിക്കുന്ന രേഖകൾ ഹാജരാക്കണം. പ്രായപരിധി 01.04.2025 ൽ 20–36 വയസ്. ലക്ഷ്യ സ്കോളർഷിപ്പ് പദ്ധതിയിലേക്ക് തെരഞ്ഞെടുക്കപ്പെടുന്നവരിൽ ആകെ സീറ്റിന്റെ 25 ശതമാനം പട്ടികജാതിയിലെ ദുർബല വിഭാഗങ്ങൾ ആയ (വേടൻ, നായാടി, അരുന്ധതിയാർ, ചക്കിലിയൻ, കള്ളാടി) വിഭാഗങ്ങളിൽ ഉൾപ്പെടുന്ന അപേക്ഷകർക്കായി നീക്കിവയ്ക്കും.

ലക്ഷ്യ സ്കോളർഷിപ്പ് പദ്ധതി മുഖേനയോ കേരള സ്റ്റേറ്റ് സിവിൽ സർവ്വീസ് അക്കാഡമി മുഖേനയോ പരിശീലനം ലഭിച്ചവർ അപേക്ഷിക്കേണ്ടതില്ല.

www.icsets.org മുഖേന ഓൺലൈനായി അപേക്ഷിക്കണം. മെയ് 25ന് വൈകിട്ട് 5 വരെ അപേക്ഷിക്കാം. കൂടുതൽവിവരങ്ങൾക്ക്: 0471þ2533272, 8547630004, 9847373627, 9847967632, 6238732527, www.icsets.org/ icsets@gmail.com

# അപേക്ഷ ക്ഷണിച്ചു

കോഴിക്കോട് ലോ കോളേജിൽ പഞ്ചവത്സര ബി.ബി.എ.എൽ.എൽ.ബി (ഓണേഴ്സ്), ത്രിവത്സര എൽ.എൽ.ബി (യൂണിറ്ററി ഡിഗ്രി) എന്നീ കോഴ്സുകളിൽ 2025–2026 അധ്യയന വർഷത്തിൽ വിവിധ ക്ലാസുകളിലെ ഒഴിവുള്ള ഏതാനും സീറ്റുകളിലേക്ക് ഇടക്ക് പഠനം നിർത്തിയവർക്ക് പുനഃപ്രവേശനത്തിനും ഇപ്പോൾ തൃശൂർ ഗവ. ലോ കോളേജിൽ പഠിച്ചുകൊണ്ടിരിക്കുന്നവർക്ക് കോളേജ് മാറ്റത്തിനും വേണ്ടി മേയ് 21 ന് ഉച്ച തിരിഞ്ഞു 3 മണി വരെ അപേക്ഷിക്കാം. അപേക്ഷാഫോമും മറ്റു വിവരങ്ങളും കോളേജ് ലൈബ്രറിയിൽ നിന്നും ലഭിക്കും. അപേക്ഷയോടൊപ്പം പ്ലസ്ടു/ ഡിഗ്രി മാർക്ക് ലിസ്റ്റിന്റെയും പ്രവേശന സമയത്തു ലഭിച്ച അലോട്ട്മെന്റ് മെമ്മോയുടെയും അവസാനം എഴുതിയ പരീക്ഷയുടെ ഹാൾടിക്കറ്റിന്റെയും ശരിപ്പകർപ്പുകൾ സമർപ്പിക്കണം.

പുനഃപ്രവേശനത്തിനു ശുപാർശ ചെയ്യപ്പെടുന്നവരും കോളേജ് മാറ്റത്തിന് അപേക്ഷിക്കുന്നവരും യൂണിവേഴ്സിറ്റിയിൽ ആവശ്യമായ ഫീസടച്ചു ഉത്തരവ് കരസ്ഥമാക്കിയ ശേഷം കോളേജിൽ പ്രവേശനം നേടണം. കോളേജ് മാറ്റത്തിന് അപേക്ഷിക്കുന്നവർ തൃശൂർ ഗവ. കോളേജിൽ പ്രിൻസിപ്പൽ സാക്ഷ്യപ്പെടുത്തിയ കോളേജ് മാറ്റത്തിനുള്ള അപേക്ഷ അടക്കം ചെയ്തിരിക്കണം. പുനഃപ്രവേശനത്തിനുള്ള അപേക്ഷകൾ പരിഗണിച്ച ശേഷം ഒഴിവ് വരുന്ന സീറ്റുകളിലേക്ക് മാത്രമേ കോളേജ് മാറ്റത്തിനുള്ള അപേക്ഷകൾ പരിഗണിക്കുകയുള്ളൂ.

# എസ്.എസ്.എൽ.സി പരീക്ഷാഫലം ഇന്ന്

2025 ലെ എസ്.എസ്.എൽ.സി പരീക്ഷാഫലം ഇന്ന് വൈകിട്ട് 3 ന് പൊതു വിദ്യാഭ്യാസ മന്ത്രി വി. ശിവൻകുട്ടി പ്രഖ്യാപിക്കും. ടി.എച്ച്.എസ്.എൽ.സി, ടി.എച്ച്.എസ്.എൽ.സി (ഹിയറിങ് ഇംപയേഡ്), എസ്.എസ്.എൽ.സി (ഹിയറിങ് ഇംപയേഡ്) ഫലവും പ്രഖ്യാപിക്കും. 2964 സെന്ററുകളിലായി പരീക്ഷ എഴുതിയ 4,26,697 വിദ്യാർഥികളുടെ ഫലമാണ് പ്രഖ്യാപിക്കുക.

വൈകിട്ട് നാലു മണി മുതൽ ഫലം PRD LIVE മൊബൈൽ ആപ്പിലും ചുവടെ പറയുന്ന വെബ്സൈറ്റുകളിലും ലഭിക്കും.

https://pareekshabhavan.kerala.gov.in
https://prd.kerala.gov.in
https://results.kerala.gov.in
https://examresults.kerala.gov.in
https://kbpe.kerala.gov.in
https://results.digilocker.kerala.gov.in
https://sslcexam.kerala.gov.in
https://results.kite.kerala.gov.in

എസ്.എസ്.എൽ.സി. (എച്ച്.ഐ) റിസൾട്ട് http://sslchiexam.kerala.gov.in ലും റ്റി.എച്ച്.എസ്.എൽ.സി. (എച്ച്.ഐ) റിസൾട്ട് http://thslchiexam.kerala.gov.in ലും എ.എച്ച്.എസ്.എൽ.സി. റിസൾട്ട് http://ahslcexam.kerala.gov.in ലും ടി.എച്ച്.എസ്.എൽ.സി. റിസൾട്ട് https://thslcexam.kerala.gov.in/thslc/index.php എന്ന വെബ്സൈറ്റിലും ലഭിക്കും.

# കുടിശിക അടയ്ക്കാം

കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി പദ്ധതിയിൽ അംഗങ്ങളായ തൊഴിലാളികൾക്ക് കുടിശ്ശിക അടയ്ക്കുന്നതിനുള്ള അവസാന തീയതി മെയ് 31 വരെ നീട്ടി. ഓൺലൈൻ, ഫ്രണ്ട്സ് ജനസേവന കേന്ദ്രം, സൗത്ത് ഇന്ത്യൻ ബാങ്കിന്റെ ബ്രാഞ്ചുകൾ എന്നിവ മുഖേനയും മെഷീനുകൾ പി.ഒ.എസ്. മെഷീനുകൾ ഉപയോഗിച്ച് ജില്ലാ ഓഫീസുകളിലും ക്ഷേമനിധി അടയ്ക്കുവാൻ ബോർഡ് സൗകര്യം ഒരുക്കിയിട്ടുണ്ട്.

# ഓഡിറ്റർമാരിൽ നിന്ന് പ്രൊപ്പോസൽ ക്ഷണിച്ചു

കേരള സംസ്ഥാന അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ ബോർഡിന്റെ അക്കൗണ്ടുകൾ പരിശോധിച്ച് ഓഡിറ്റ് റിപ്പോർട്ട് തയ്യാറാക്കുന്നതിനും റിട്ടേൺ ഫയൽ ചെയ്യുന്നതിനും ഓഡിറ്റർമാരിൽ നിന്ന് പ്രൊപ്പോസൽ ക്ഷണിച്ചു. വിശദവിവരങ്ങൾക്ക് : വററ്വേ:// unorganisedwssb.org.

# കള്ള് ഷാപ്പ് പുനർവിൽപന

സംസ്ഥാനത്ത് ഇതുവരെ വില്പന നടക്കാത്തതും വിവിധ കാരണങ്ങളാൽ പ്രിവിലേജ് റദ്ദായതുമായ കള്ളുഷാപ്പുകൾ 2026 മാർച്ച് 31 വരെ കാലാവധിയിലേക്ക് പുനർവില്പന നടത്തും. കള്ളുഷാപ്പ് വിൽപ്പനയിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ വററ്വേ:// ലഠീററ്യ.സല്യൃമഹമലഃരശലെ.ഴീ.ശി എന്ന ലഠീററ്യ ഓൺലൈൻ പ്ലാറ്റ്ഫോം മുഖേന 2025 മേയ് 9 മുതൽ 17 വരെ അപേക്ഷിക്കണം. കൂടുതൽ വിവരങ്ങൾക്ക് : keralaexcise.gov.in.

# ഉപന്യാസ രചനാ മത്സരം സംഘടിപ്പിക്കും

അന്താരാഷ്ട്ര മ്യൂസിയം ദിനത്തോടനുബന്ധിച്ച് കേരള നിയമസഭാ മ്യൂസിയത്തിന്റെ ആഭിമുഖ്യത്തിൽ സ്കൂൾ, കോളജ് വിദ്യാർഥികൾക്കായി സംസ്ഥാന തലത്തിൽ ഓൺലൈനായി ഉപന്യാസ രചനാ മത്സരം സംഘടിപ്പിക്കും. സ്കൂൾതലത്തിൽ 'മ്യൂസിയങ്ങളുടെ പ്രസക്തി' എന്ന വിഷയത്തിലും (8 ക്ലാസ് മുതൽ 12 ക്ലാസ് വരെ) കോളജ് തലത്തിൽ (ബിരുദ/ ബിരുദാനന്തര വിദ്യാർഥികൾക്ക്) 'മ്യൂസിയങ്ങൾ എങ്ങനെയായിരിക്കണം സന്ദർശകരുടെ കാഴ്ചപ്പാടിൽ' എന്ന വിഷയത്തിലുമാണ് ഉപന്യാസ രചനാ മത്സരം സംഘടിപ്പിക്കുന്നത്.

എ4 പേപ്പറിൽ ടൈപ്പ് ചെയ്ത 1,500 വാക്കിൽ കവിയാത്ത ഉപന്യാസം സ്കൂൾ/ കോളജ്, ഹെഡ്മാസ്റ്റർ/ പ്രിൻസിപ്പൽ മാരുടെ ആമുഖ കത്തോടുകൂടി museum@niyamasabha.nic.in എന്ന വിലാസത്തിൽ മേയ് 15ന് മുമ്പ് മത്സരാർഥികൾ ലഭ്യമാക്കണം. ഉപന്യാസ രചനാ മത്സരത്തിൽ വിജയികളാകുന്ന ഒന്ന്, രണ്ട്, മൂന്ന് സ്ഥാനക്കാർക്ക് (ഇരു വിഭാഗത്തിലുള്ള) യഥാക്രമം 5,000, 3,000, 2,000 ക്യാഷ് അവാർഡും സർട്ടിഫിക്കറ്റും നൽകും. നിബന്ധനകൾ ഉൾപ്പെടെ വിശദമായ വിവരങ്ങൾക്ക് www.niyamasabha.org സന്ദർശിക്കുക.

# ഓഫീസ് അറ്റൻഡന്റ്: ഡെപ്യൂട്ടേഷൻ നിയമനത്തിന് അപേക്ഷിക്കാം

കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷനിൽ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ നിലവിലുള്ള രണ്ട് ഒഴിവുകളിലേക്ക് ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമനം നടത്തുന്നതിന് അപേക്ഷ ക്ഷണിച്ചു. സെക്രട്ടേറിയറ്റിലും വിവിധ സർക്കാർ വകുപ്പുകളിലും ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ ജോലി ചെയ്യുന്നവർക്ക് വകുപ്പ് മുഖേന സെക്രട്ടറി, കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ, 'ജനഹിതം', റ്റി.സി. 27/6(2), വികാസ് ഭവൻ പി.ഒ., തിരുവനന്തപുരം 695 033 എന്ന വിലാസത്തിൽ അപേക്ഷിക്കാം.

# വാസ്തുവിദ്യാ ഗുരുകുലത്തിലെ കോഴ്സുകളിലേക്ക് അപേക്ഷിക്കാം

സാംസ്കാരിക വകുപ്പിന് കീഴിൽ ആറന്മുള കേന്ദ്രമായി പ്രവർത്തിച്ചു വരുന്ന വാസ്തുവിദ്യാ ഗുരുകുലത്തിൽ പാരമ്പര്യ വാസ്തു ശാസ്ത്രത്തിൽ

പി.ജി.ഡിപ്ലോമ, ഡിപ്ലോമ കറസ്പോണ്ടൻസ് കോഴ്സ്, ഹ്രസ്വകാല സർട്ടിഫിക്കറ്റ് കോഴ്സ്, ചുമർ ചിത്ര രചനാ സർട്ടിഫിക്കറ്റ് കോഴ്സ് എന്നിവയുടെ പുതിയ ബാച്ച് ജൂണിൽ ആരംഭിക്കും.

പ്രവേശനത്തിന് മെയ് 20 നകം അപേക്ഷ സമർപ്പിക്കണം. അപേക്ഷകൾ എക്സിക്യൂട്ടീവ് ഡയറക്ടർ, വാസ്തുവിദ്യാ ഗുരുകുലം, ആറന്മുള, പത്തനംതിട്ട ജില്ല 689533/ എക്സിക്യൂട്ടീവ് ഡയറക്ടർ, വാസ്തുവിദ്യാ ഗുരുകുലം, അനന്തവിലാസം പാലസ്, ഫോർട്ട് പി.ഒ, തിരുവനന്തുപുരം –23 മേൽവിലാസങ്ങളിലോ www.vasthuvidya gurukulam.com വെബ്സൈറ്റിലോ സമർപ്പിക്കാം. വിശദവിവരങ്ങൾക്ക്: 0468–2319740, 9188089740, 623866848, 9605458857, 9605046982, 9846479441.

# ഓപ്പറേഷൻ സിന്ദൂറിൽ വൻ നേട്ടം; കൊടും ഭീകരൻ അബ്ദുൾ റൗഫ് അസർ കൊല്ലപ്പെട്ടു

ന്യൂഡൽഹി: ഓപ്പറേഷൻ സിന്ദൂറിൽ ജെയ്ഷെ മുഹമ്മദിന് കനത്ത തിരിച്ചടി. ജെയ്ഷെ മുഹമ്മദ് തലവൻ മസൂദ് അസ്ഹറിന്റെ സഹോദരനും കാണ്ഡഹാർ വിമാന റാഞ്ചലിന്റെ മുഖ്യസൂത്രധാരനുമായ അബ്ദുൾ റൗഫ് അസർ കൊല്ലപ്പെട്ടു.

ഭീകരക്യാമ്പുകൾ ലക്ഷ്യമിട്ട് ഇന്ത്യൻ സൈന്യം കഴിഞ്ഞ ദിവസം നടത്തിയ മിസൈൽ ആക്രമണത്തിൽ ഇയാൾക്ക് ഗുരുതരമായി പരിക്കേറ്റിരുന്നു. ചികിത്സയിൽ തുടരുന്നതിനിടെയാണ് മരണം.

ഇന്ത്യ തേടുന്ന ഭീകരരിൽ പ്രധാനിയാണ് അബ്ദുൾ റൗഫ് അസർ. പാക്കിസ്ഥാൻ ബഹവൽപൂരിലെ ജെയ്ഷെ ആസ്ഥാനത്ത് നടത്തിയ മിസൈലാക്രമണത്തിൽ മസൂദ് അസ്ഹറിന്റെ 10 കുടുംബാംഗങ്ങൾ കൊല്ലപ്പെട്ടിരുന്നു.

1999 ഡിസംബർ 31നാണ് കാഠ്മണ്ഡു ത്രിഭുവൻ വിമാനത്താവളത്തിൽ നിന്നു ഡൽഹിയിലേക്കു പറന്നുയർന്ന ഇന്ത്യൻ എയർലൈൻസിന്റെ ഐസി– 814 എയർബസ് എ 300 വിമാനം തോക്കുധാരികളായ അഞ്ച് പാകിസ്ഥാൻകാർ റാഞ്ചിയത്. ഇവരെ മോചിപ്പിക്കാനായി മസൂദ് അസ്ഹറിനെ ഇന്ത്യ വിട്ടയയ്ക്കുകയായിരുന്നു.

# അപേക്ഷ ക്ഷണിച്ചു

കേരള തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ പരിധിയിൽ വരുന്ന സ്ഥാപനങ്ങളിലെ തൊഴിലാളികളുടെ മക്കൾക്ക് സിവിൽ സർവീസ് പരിശീലനത്തിനായി കിലെ സിവിൽ സർവീസ് അക്കാദമിയിൽ ജൂൺ ആദ്യവാരം ആരംഭിക്കുന്ന കോഴ്സിലേക്ക് അപേക്ഷ ക്ഷണിച്ചു. തെരഞ്ഞെടുക്കപ്പെടുന്ന വിദ്യാർഥികൾക്ക് ഫീസിന്റെ 50 ശതമാനം കേരള തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിന്നും സ്കോളർഷിപ്പായി ലഭിക്കും. വിശദാംശങ്ങളും രജിസ്ട്രേഷൻ ലിങ്കും www.kile.kerala.gov.in/kileiasacademy വെബ്സൈറ്റിൽ ലഭിക്കും. കൂടുതൽ വിവരങ്ങൾക്ക്: 0471–2479966, 8075768537.

# തൊഴിലധിഷ്ഠിത കമ്പ്യൂട്ടർ കോഴ്സ്

എൽ.ബി.എസ് സെന്റർ ഫോർ സയൻസ് ആൻഡ് ടെക്നോളജിയുടെ തിരുവനന്തപുരം ഹെഡ് ഓഫീസിൽ മെയ് മാസം മൂന്നാം വാരം ആരംഭിക്കുന്ന ഡാറ്റാ എൻട്രി ആൻഡ് ഓഫീസ് ഓട്ടോമേഷൻ (ഇംഗ്ലീഷ്, മലയാളം) കോഴ്സിന് എസ്.എസ്.എൽ.സി പാസായവരിൽ നിന്നും അപേക്ഷ ക്ഷണിച്ചു. മെയ് 17 വരെ www.lbscentre.kerala.gov.in വെബ്സൈറ്റ് മുഖേന അപേക്ഷിക്കാം. കൂടുതൽ വിവരങ്ങൾക്ക് : 0471–2560333, 9995005055.

# കെക്സ്കോണിൽ ഒഴിവ്

തൈക്കാട് പ്രവർത്തിക്കുന്ന കെക്സ്കോൺ കേന്ദ്ര കാര്യാലയത്തിലേക്ക് ഇ-ഓഫീസ് അസിസ്റ്റന്റ് തസ്തികയിലേക്കുള്ള ഒരു ഒഴിവിലേക്ക് തിരുവനന്തപുരം ജില്ലയിൽ നിന്നും കെക്സ്കോണിൽ രജിസ്റ്റർ ചെയ്തിട്ടുള്ള വിമുക്തഭടൻമാർക്ക് അപേക്ഷിക്കാം. വെള്ള പേപ്പറിൽ എഴുതി തയ്യാറാക്കിയ അപേക്ഷയോടൊപ്പം ബയോഡാറ്റ സഹിതം kexconkerala2022@gmail.com ഇ-മെയിൽ മുഖേനയോ നേരിട്ടോ മെയ് 20 വൈകിട്ട് 5വരെ അപേക്ഷകൾ സമർപ്പിക്കാം. വിശദവിവരങ്ങൾക്ക്: 0471 2320771, www.kexcon.in.

# ദ്വിവത്സര എം.ബി.എ കോഴ്സിന് അപേക്ഷിക്കാം

സംസ്ഥാന സർക്കാരിന്റെ റവന്യു വകുപ്പ് പരിശീലന കേന്ദ്രമായ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലാൻഡ് ആൻഡ് ഡിസാസ്റ്റർ മാനേജ്മെന്റ് നടത്തുന്ന ദ്വിവത്സര എംബിഎ കോഴ്സിന് അപേക്ഷിക്കാം. എ.ഐ.സി.ടിയുടെ അംഗീകാരവും കേരള യൂണിവേഴ്സിറ്റിയുടെ അഫിലിയേഷനും ഉള്ള കോഴ്സാണ്. സിലബസ് പ്രകാരമുള്ള പഠനങ്ങൾ കൂടാതെ വയർലെസ് കമ്മ്യൂണിക്കേഷൻ ലൈസൻസ്, ഫസ്റ്റ് എയ്ഡ് ഇന്റർനാഷണൽ സർട്ടിഫിക്കറ്റ്, ജി.ഐ.എസ് കോഴ്സ് സർട്ടിഫിക്കറ്റ് തുടങ്ങിയ ആഡ് ഓൺ കോഴ്സുകളും ഇതോടൊപ്പം ഉൾപ്പെടുത്തിയിട്ടുണ്ട്.

സംസ്ഥാനതല പഠന യാത്രകളും ഒരാഴ്ച നീണ്ടുനിൽക്കുന്ന ദേശീയതല പഠനയാത്രകളും കോഴ്സിന്റെ ഭാഗമാണ്. പഠനത്തോടൊപ്പം ദുരന്തനിവാരണ കൺട്രോൾ റൂമുകളിലും മറ്റും പ്രവർത്തിക്കുന്നതിനുള്ള അവസരങ്ങൾ കൂടി വിദ്യാർഥികൾക്ക് ലഭിക്കും. അവസാന വർഷ ഡിഗ്രി പരീക്ഷ എഴുതിയവർക്കും അപേക്ഷിക്കാം. അർഹരായവർക്ക് സ്കോളർഷിപ്പോടുകൂടി പഠിക്കാം. കോഴ്സിന് അപേക്ഷിക്കാനുള്ള അവസാന തീയതി മെയ് 25. 30 സീറ്റുകൾ മാത്രമാണുള്ളത്. പ്രോസ്പെക്ടസിനും കൂടുതൽ വിവരങ്ങൾക്കും www.ildm.kerala.gov.in, ildm.revenue@gmail.com, 8547610005.

# ബി.ടെക്: എൻ.ആർ.ഐ സീറ്റുകളിലേക്ക് പ്രവേശനം

എൽ. ബി. എസ് സെന്ററിന് കീഴിൽ പ്രവർത്തിക്കുന്ന പൂജപ്പുര എൽ. ബി. എസ്. വനിതാ എൻജിനിയറിങ് കോളേജിലേക്കും കാസർഗോഡ് എൽ.ബി.എസ് എഞ്ചിനീയറിംഗ് കോളേജിലേക്കും ബി.ടെക് എൻ.ആർ.ഐ സീറ്റുകളിലേക്ക് പ്രവേശനത്തിന് അപേക്ഷ ക്ഷണിച്ചു. മേയ് 21നകം അപേക്ഷിക്കണം. കൂടുതൽവിവരങ്ങൾക്ക്: www.lbscentre.kerala.gov.in, 9447900411, 9495207906, 9400540958 (പൂജപ്പുര), 9447375156, 9496358213, 9495310477 (കാസർഗോഡ്).

# ധരംശാലയിൽ നടക്കേണ്ട പഞ്ചാബ്–മുംബൈ മത്സരം അഹമ്മദാബാദിലേക്ക് മാറ്റി

ധരംശാല: ഹിമാചൽ പ്രദേശിലെ ധരംശാലയിൽ നടക്കേണ്ടിയിരുന്ന പഞ്ചാബ് കിംഗ്സ്-മുംബൈ ഇന്ത്യൻസ് മത്സരത്തിന്റെ വേദി അഹമ്മദാബാദിലേക്ക് മാറ്റി. ഞായറാഴ്ച നടക്കേണ്ട മത്സരത്തിന്റെ വേദിയാണ് മാറ്റിയത്. മത്സരം മുംബൈയിലേക്ക് മാറ്റും എന്നാണ് ആദ്യം അറിയിച്ചിരുന്നത്. എന്നാൽ മുംബൈ ഇന്ത്യൻസിന് ഹോം മത്സരത്തിന്റെ ആനുകൂല്യം ഇതിലൂടെ ലഭിക്കുമെന്നതിലാണ് നിഷ്പക്ഷ വേദിയായ അഹമ്മദാബാദിലേക്ക് മത്സരം മാറ്റാൻ തീരുമാനിച്ചത്. മുൻകരുതലെന്ന നിലയിൽ പാക് അതിർത്തിയോട് ചേർന്നുള്ള വിമാനത്താവളങ്ങൾ അടച്ചിടാൻ കേന്ദ്ര സർക്കാർ ഉത്തരവിട്ടിരുന്നു. ഇതിന്റെ ഭാഗമായി ചണ്ഡീഗഡ് വിമാനത്താവളം അടച്ചിട്ടതോടെയാണ് പഞ്ചാബ് -മുംബൈ മത്സരവേദി അഹമ്മദാബാദിലേക്ക് മാറ്റിയത്. മേയ് 11ന് നടക്കേണ്ട പഞ്ചാബ് കിംഗ്സിനെതിരായ മത്സരത്തിനായി മുംബൈ താരങ്ങൾ ചണ്ഡീഗഡിലായിരുന്നു വിമാനം ഇറങ്ങേണ്ടിയിരുന്നത്. മെയ് 10വരെ വിമാനത്താവളം അടച്ചിടുന്നതിനാൽ റോഡ് മാർഗം ഡൽഹി വഴി മാത്രമെ മുംബൈ ടീമിന് ധരംശാലയിൽ എത്താൻ കഴിയുവെന്നതിനാലാണ് വേദി മാറ്റിയത്.

സമൂഹമാധ്യങ്ങളിലെ ദേശവിരുദ്ധ പ്രചാരണം; നടപടിക്ക് കേന്ദ്ര നിർദേശം

# ദുർഘട നിമിഷത്തിൽ എല്ലാവരും ഒന്നിച്ച് നിൽക്കണം; സർക്കാരിനെ വിമർശിക്കാനില്ലെന്ന് ഖാർഗെ

ന്യൂഡൽഹി: സർവകക്ഷി യോഗത്തിൽ സർക്കാർ പറഞ്ഞതെല്ലാം കേട്ടെന്നും ഒരു നടപടിയേയും വിമർശിക്കുന്നില്ലെന്നും കോൺഗ്രസ് അധ്യക്ഷൻ മല്ലികാർജുൻ ഖാർഗെ. ദുർഘട നിമിഷത്തിൽ എല്ലാവരും ഒന്നിച്ച് നിൽക്കേണ്ടത് രാജ്യത്തിന്റെ അനിവാര്യതയാണെന്ന് ഖാർഗെ പ്രതികരിച്ചു.

സർവകക്ഷി യോഗത്തിൽ പങ്കെടുത്ത ശേഷം മാധ്യമങ്ങളോട് സംസാരിക്കുകയായിരുന്നു ഖാർഗെ. ഇത്തരമൊരു യോഗത്തിൽ പങ്കെടുക്കണമായിരുന്നോ എന്നുള്ള ഔചിത്യബോധം പ്രധാനമന്ത്രിയുടേതാണ്. അതിന്റെ പേരിലും മോദിയെ വിമർശിക്കാനില്ലെന്നും ഖാർഗെ പറഞ്ഞു.

അതേസമയം ഓപ്പറേഷൻ സിന്ദൂർ സർജിക്കൽ സ്ട്രൈക്കിനെക്കുറിച്ച് വിശദീകരിക്കാൻ വേണ്ടി വിളിച്ച് ചേർത്ത സർവകക്ഷി യോഗത്തിൽ പ്രതിപക്ഷം സർക്കാരിന് പൂർണ പിന്തുണ നൽകി. ഭീകരതയ്ക്കെതിരേ ഒറ്റക്കെട്ടായി നിലനിൽക്കുമെന്ന് പ്രതിപക്ഷം അറിയിച്ചു.

സൈനിക നടപടിക്ക് അടക്കം യോഗം പൂർണ പിന്തുണ നൽകി. അതേസമയം ഇന്ത്യൻ വിമാനം പാക്കിസ്ഥാൻ വെടിവച്ചിട്ടെന്ന റിപ്പോർട്ടുകൾ സംബന്ധിച്ച് പ്രതിപക്ഷം വിശദീകരണം ആവശ്യപ്പെട്ടു. പ്രത്യേക പാർലമെൻറ് സമ്മേളനം വിളിക്കണമെന്ന ആവശ്യവും പ്രതിപക്ഷം മുന്നോട്ടു വച്ചു. എന്നാൽ ഇക്കാര്യങ്ങളോട് സർക്കാർ പ്രതികരിച്ചില്ലെന്നാണ് വിവരം.

# ഇന്ത്യ–പാക്കിസ്ഥാൻ സംഘർഷം; നയതന്ത്ര മാർഗങ്ങളിലൂടെ പ്രതിസന്ധി പരിഹരിക്കണമെന്ന് ഖത്തർ വിദേശകാര്യ മന്ത്രാലയം

ന്യൂഡൽഹി: ഇന്ത്യയും പാകിസ്ഥാനും തമ്മിലുള്ള സംഘർഷം രൂക്ഷമാകുന്നതിൽ ആശങ്ക പ്രകടിപ്പിച്ച് ഖത്തർ. ഇരു രാജ്യങ്ങളും 'പരമാവധി സംയമനം പാലിക്കാനും' നയതന്ത്ര മാർഗങ്ങളിലൂടെ പ്രതിസന്ധി പരിഹരിക്കാനും ഖത്തർ ആവശ്യപ്പെട്ടു. നല്ല അയൽപക്ക സൗഹൃദത്തിന്റെ തത്വങ്ങൾ പാലിക്കേണ്ടതിന്റെ പ്രാധാന്യവും വിദേശകാര്യ മന്ത്രാലയം പുറത്തിറക്കിയ പ്രസ്താവനയിൽ അറിയിച്ചു. ഇന്ത്യയും പാക്കിസ്ഥാനും തമ്മിലുള്ള ആശയവിനിമയ മാർഗങ്ങൾ തുറന്നിടേണ്ടതിൻറേയും സംഘർഷങ്ങൾ ലഘൂകരിക്കുന്നതിന്റെയും ക്രിയാത്മകമായ സംഭാഷണത്തിലൂടെ പരിഹരിക്കേണ്ടതിന്റെയും ആവശ്യകത വിദേശകാര്യ മന്ത്രാലയം ചൂണ്ടിക്കാട്ടി.

സമഗ്രവും സമവായപരവും സുസ്ഥിരവുമായ പരിഹാരങ്ങളിലേക്ക് ഇത് ആത്യന്തികമായി നയിക്കും. മേഖലയിലെ സുരക്ഷ, സമാധാനം, സ്ഥിരത എന്നിവ ഉറപ്പുവരുത്താൻ ലക്ഷ്യമാക്കിയുള്ള എല്ലാ പ്രാദേശിക, അന്തർദേശീയ ശ്രമങ്ങൾക്കും ഖത്തറിന്റെ പൂർണ പിന്തുണ പ്രസ്താവനയിൽ പറഞ്ഞു.

ബുധനാഴ്ച ഖത്തർ പ്രധാനമന്ത്രിയും വിദേശകാര്യ മന്ത്രിയുമായ ഷെയ്ഖ് മുഹമ്മദ് ബിൻ അബ്ദുൾറഹ്മാൻ അൽതാനി ഇന്ത്യൻ വിദേശകാര്യ മന്ത്രി ജയശങ്കറുമായി ഫോണിൽ സംസാരിച്ചിരുന്നു. ഇന്ത്യക്കും പാക്കിസ്ഥാനുമിടയിലെ വഷളായിക്കൊണ്ടിരിക്കുന്ന സാഹചര്യം പരിഹരിക്കുന്നതിനുള്ള നയതന്ത്ര മാർഗങ്ങളെക്കുറിച്ച് ഇരു ഉദ്യോഗസ്ഥരും ചർച്ച ചെയ്തു. പ്രതിസന്ധി ചർച്ചയിലൂടെ പരിഹരിക്കാനുള്ളഎല്ലാ ശ്രമങ്ങൾക്കും പൂർണ പിന്തുണയും ഷെയ്ഖ് മുഹമ്മദ് ആവർത്തിച്ചു.

# ഭീകരതയ്ക്കെതിരേ ഒറ്റക്കെട്ട്; സർവകക്ഷി യോഗത്തിൽ സർക്കാരിന് പൂർണ പിന്തുണ

ന്യൂഡൽഹി: ഓപ്പറേഷൻ സിന്ദൂർ സർജിക്കൽ സ്ട്രൈക്കിനെക്കുറിച്ച് വിശദീകരിക്കാൻ വേണ്ടി വിളിച്ച് ചേർത്ത സർവകക്ഷി യോഗത്തിൽ സർക്കാരിന് പൂർണ പിന്തുണ നൽകി പ്രതിപക്ഷം. ഭീകരതയ്ക്കെതിരേ ഒറ്റക്കെട്ടായി നിലനിൽക്കുമെന്ന് പ്രതിപക്ഷം അറിയിച്ചു.സൈനിക നടപടിക്ക് അടക്കം യോഗം പൂർണ പിന്തുണ നൽകി. അതേസമയം ഇന്ത്യൻ വിമാനം പാക്കിസ്ഥാൻ വെടിവച്ചിട്ടെന്ന റിപ്പോർട്ടുകൾ സംബന്ധിച്ച് പ്രതിപക്ഷം വിശദീകരണം ആവശ്യപ്പെട്ടു. പ്രത്യേക പാർലമെൻറ് സമ്മേളനം വിളിക്കണമെന്ന ആവശ്യവും പ്രതിപക്ഷം മുന്നോട്ടുവച്ചു. എന്നാൽ ഇക്കാര്യങ്ങളോട് സർക്കാർ പ്രതികരിച്ചില്ലെന്നാണ് വിവരം. പാർലമെൻറിൽ നടന്ന യോഗത്തിൽ ഇരുപതിൽ അധികം പ്രതിപക്ഷ കക്ഷികളുടെ അംഗങ്ങൾ പങ്കെടുത്തു. ഓപ്പറേഷൻ സിന്ദൂറിനെക്കുറിച്ച് പ്രതിരോധമന്ത്രി രാജ്നാഥ് സിംഗാണ് യോഗത്തിൽ വിശദീകരിച്ചത്. പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധിയും കോൺഗ്രസ് അധ്യക്ഷൻ മല്ലികാർജുൻ ഖാർഗെയും യോഗത്തിന് എത്തിയിരുന്നു. എന്നാൽ പ്രധാനമന്ത്രി യോഗത്തിൽ പങ്കെടുത്തില്ല. സുരക്ഷാ ഉപദേഷ്ടാവ് അജിത് ഡോവലുമായി കൂടിക്കാഴ്ചയുള്ള സാഹചര്യത്തിലാണ് പ്രധാനമന്ത്രി യോഗത്തിൽനിന്ന് വിട്ടുനിന്നത്.

# ഇന്ത്യയും പാക്കിസ്ഥാനും നയതന്ത്ര ചർച്ചകളിലൂടെ പ്രശ്നം പരിഹരിക്കണമെന്ന് യുക്രെയ്ൻ

കീവ്: ഇന്ത്യയും പാക്കിസ്ഥാനും സംയമനം പാലിക്കണമെന്ന് യുക്രെയ്ൻ. ഇരു രാജ്യങ്ങളും സുരക്ഷ അപകടത്തിലാക്കുന്ന നടപടികൾ ഒഴിവാക്കണമെന്നും പകരം നയതന്ത്ര ചർച്ചകളിലൂടെ പ്രശ്നങ്ങൾ പരിഹരിക്കണമെന്നും യുക്രെയ്ൻ ആവശ്യപ്പെട്ടു.

യുക്രെയ്ൻ വിദേശകാര്യ മന്ത്രാലയമാണ് പ്രസ്താവനയിറക്കിയത്. സമാധാനം പുനഃസ്ഥാപിക്കാൻ ലക്ഷ്യമിട്ടുള്ള എല്ലാ ശ്രമങ്ങളെയും പിന്തുണയ്ക്കുമെന്നും യുക്രെയ്ൻ വ്യക്തമാക്കി.

ഇന്ത്യയും പാക്കിസ്ഥാനും തമ്മിലുള്ള പ്രശ്നങ്ങൾ വഷളാകുന്ന പശ്ചാത്തലത്തിൽ ഇരുപക്ഷവും സംയമനം പാലിക്കാനും അർഥവത്തായ നയതന്ത്ര ഇടപെടൽ നടത്താനും തങ്ങൾ ആഹ്വാനം ചെയ്യുന്നു.

ദക്ഷിണേഷ്യൻ മേഖലയിലെ സുരക്ഷാ അപകടത്തിലാക്കുന്ന പ്രവർത്തനങ്ങൾ ഒഴിവാക്കണം. എല്ലാ തർക്ക വിഷയങ്ങൾക്കും നയതന്ത്ര ചർച്ചകളിലൂടെ പരിഹാരം കാണണം. മേഖലയിൽ സമാധാനവും സ്ഥിരതയും പുനഃസ്ഥാപിക്കാൻ ലക്ഷ്യമിട്ടുള്ള എല്ലാ നടപടികളെയും യുക്രെയ്ൻ പിന്തുണയ്ക്കുമെന്നും പ്രസ്താവനയിൽ കൂട്ടിച്ചേർത്തു.

## പുതുക്കാട് മൊബൈൽ ഫോണുകൾ കവർന്ന കേസ്; സഹോദരങ്ങൾ അറസ്റ്റിൽ

തൃശൂർ: പുതുക്കാട് തലോരിൽ മൊബൈൽ കടയുടെ ഷട്ടർ തകർത്ത് ലക്ഷങ്ങളുടെ മൊബൈൽ ഫോണുകൾ കവർന്ന കേസിൽ സഹോദരങ്ങൾ അറസ്റ്റിൽ. അന്നമനട കല്ലൂർ ഊളക്കൽ വീട്ടിൽ സെയ്ത് മൊഹസീൻ, സഹോദരൻ മൊഹത്ത് അസീം എന്നിവരാണ് അറസ്റ്റിലായത്.

പുതുക്കാട് പോലീസാണ് പ്രതികളെ അറസ്റ്റ് ചെയ്തത്. സംഭവത്തിൽ രണ്ടു പേരെ കൂടി പിടികൂടാനുണ്ടെന്ന് പോലീസ് പറഞ്ഞു.

മാർച്ച് 31 ന് അതിരാവിലെ സംസ്ഥാന പാതയോരത്തെ അഫാത്ത് മൊബൈൽ കടയുടെ ഷട്ടറിന്റെ താഴ് ഗ്യാസ് കട്ടർ ഉപയോഗിച്ച് അറുത്തുമാറ്റിയാണ് സംഘം മോഷണം നടത്തിയത്.

# നൂറ് ഭീകരരെ വധിച്ചു; പ്രകോപിച്ചാൽ ഇനിയും തിരിച്ചടിയെന്ന് രാജ്നാഥ് സിംഗ്

ന്യൂഡൽഹി: ഓപ്പറേഷൻ സിന്ദൂറിൽ നൂറ് ഭീകരരെ വധിച്ചതായി പ്രതിരോധമന്ത്രി രാജ്നാഥ് സിംഗ്. വ്യാഴാഴ്ച നടന്ന സർവകക്ഷി യോഗത്തിലാണ് പ്രതിരോധമന്ത്രി ഇക്കാര്യം അറിയിച്ചത്.

സ്ഥിതിഗതികൾ വഷളാക്കാൻ ഇന്ത്യ ആഗ്രഹിക്കുന്നില്ല. എന്നാൽ പാക്കിസ്ഥാൻ പ്രകോപിപ്പിച്ചാൽ തിരിച്ചടിക്കുമെന്നും രാജ്നാഥ് പറഞ്ഞു. പാക്കിസ്ഥാനിലെയും പാക് അധിനിവേശ കാഷ്മീരിലെയും ഒൻപത് ഭീകരപരിശീലന ക്യാന്പുകളാണ് ഇന്ത്യ തകർത്തതെന്നും രാജ്നാഥ് വിശിദീകരിച്ചു.

പ്രതിപക്ഷം യോഗത്തിൽ സർക്കാരിന് പൂർണ പിന്തുണ നൽകി. ഭീകരതയ്ക്കെതിരേ ഒറ്റക്കെട്ടായി നിലനിൽക്കുമെന്ന് പ്രതിപക്ഷം അറിയിച്ചു. സൈനിക നടപടിക്ക് അടക്കം യോഗം പൂർണ പിന്തുണ നൽകി.

അതേസമയം ഇന്ത്യൻ വിമാനം പാക്കിസ്ഥാൻ വെടിവച്ചിട്ടെന്ന റിപ്പോർട്ടുകൾ സംബന്ധിച്ച് പ്രതിപക്ഷം വിശദീകരണം ആവശ്യപ്പെട്ടു. പ്രത്യേക പാർലമെൻറ് സമ്മേളനം വിളിക്കണമെന്ന ആവശ്യവും പ്രതിപക്ഷം മുന്നോട്ടുവച്ചു. എന്നാൽ ഇക്കാര്യങ്ങളോട് സർക്കാർ പ്രതികരിച്ചില്ലെന്നാണ് വിവരം.

പാർലമെൻറിൽ നടന്ന യോഗത്തിൽ ഇരുപതിൽ അധികം പ്രതിപക്ഷ കക്ഷികളുടെ അംഗങ്ങൾ പങ്കെടുത്തു. പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധിയും കോൺഗ്രസ് അധ്യക്ഷൻ മല്ലികാർജുൻ ഖാർഗെയും യോഗത്തിന് എത്തിയിരുന്നു. എന്നാൽ പ്രധാനമന്ത്രി യോഗത്തിൽ പങ്കെടുത്തില്ല. സുരക്ഷാ ഉപദേഷ്ടാവ് അജിത് ഡോവലുമായി കൂടിക്കാഴ്ചയുള്ള സാഹചര്യത്തിലാണ് പ്രധാനമന്ത്രി യോഗത്തിൽനിന്ന് വിട്ടുനിന്നത്. പഹൽഗാമിൽ 26 പേർ കൊല്ലപ്പെട്ട ഭീകരാക്രമണത്തിന് പിന്നാലെയാണ് ഇന്ത്യ തിരിച്ചടിച്ചത്. പാകിസ്താനിലെ ഭീകരരുടെ കേന്ദ്രം ലക്ഷ്യം വെച്ചായിരുന്നു ഇന്ത്യ ആക്രമണം നടത്തിയത്.

# പകരത്തിന് പകരം കഴിഞ്ഞു; ഇനി ഇന്ത്യയും പാക്കിസ്ഥാനും സംഘർഷം അവസാനിപ്പിക്കുമെന്ന് പ്രതീക്ഷിക്കുന്നതായി ട്രംപ്

വാഷിംഗ്ടൺ: പകരത്തിന് പകരം കഴിഞ്ഞെന്നും ഇനി ഇന്ത്യയും പാക്കിസ്ഥാനും സംഘർഷം അവസാനിപ്പിക്കുമെന്നാണ് പ്രതീക്ഷയെന്നും അമേരിക്കൻ പ്രസിഡൻറ് ഡൊണാൾഡ് ട്രംപ്. പ്രശ്നം പരിഹരിക്കണമെന്നും എന്ത് സഹായത്തിനും തയാറാണെന്നും യുഎസ് പ്രസിഡൻറ് വ്യക്തമാക്കി.

ഇരു രാജ്യങ്ങളുമായും തനിക്ക് നല്ല ബന്ധമാണ്. ഇരു രാജ്യങ്ങളെയും നല്ലതുപോലെ അറിയാം എന്നും ട്രംപ് കൂട്ടിച്ചേർത്തു. അതേസമയം പഹൽഗാം ഭീകരാക്രമണത്തിന് മറുപടിയായി ബുധനാഴ്ച പുലർച്ചെയാണ് ഓപ്പേറഷൻ സിന്ദൂർ സൈന്യം നടപ്പാക്കിയത്. പാക്കിസ്ഥാനിലെയും പാക് അധീന കാഷ്മീരിലെയും ഒമ്പത് ഭീകര കേന്ദ്രങ്ങളിലാണ് ഇന്ത്യൻ സൈന്യം ആക്രമണം നടത്തിയത്.

# ഇന്ത്യൻ അതിർത്തിക്കടുത്ത് പാക് പോർ വിമാനങ്ങൾ; ഇന്ത്യൻ യുദ്ധവിമാനങ്ങൾ കുതിച്ചെത്തിയതോടെ പിൻവാങ്ങി

ന്യൂഡൽഹി: പാക് പോർ വിമാനങ്ങൾ ഇന്ത്യൻ അതിർത്തിയിലെത്തി. പഞ്ചാബ് അതിർത്തിയോട് ചേർന്ന സ്ഥലത്താണ് പാക് യുദ്ധ വിമാനങ്ങൾ എത്തിയതെന്നാണ് വിവരം.

ഓപ്പറേഷൻ സിന്ദൂറിന് ഇന്ത്യക്ക് തിരിച്ചടി നൽകുമെന്ന പാക് പ്രധാനമന്ത്രി ഷഹബാസ് ഷെരീഫിന്റെ പ്രസ്താവനയ്ക്ക് പിന്നാലെയാണ് പാക്കിസ്ഥാന്റെ നീക്കം. എന്നാൽ റഡാർ സംവിധാനങ്ങൾ വഴി പാക് വിമാനങ്ങളുടെ സഞ്ചാരപഥം ഇന്ത്യ മനസിലാക്കി.

തുടർന്ന് ഇന്ത്യൻ യുദ്ധ വിമാനങ്ങൾ മേഖലയിലേക്ക് ഉടൻ കുതിച്ചെത്തുകയായിരുന്നു.

പിന്നാലെ പാക് വിമാനങ്ങൾ അതിർത്തി കടക്കാതെ മടങ്ങിയെന്നാണ് വിവരം.

സുരക്ഷാ മുൻകരുതൽ; കാഷ്മീരിലെ വിമാനത്താവളവും സ്കൂളുകളും ഇന്നും അടച്ചിടും

ശ്രീനഗർ: ഓപ്പറേഷൻ സിന്ദൂറിനെ തുടർന്ന് ഉണ്ടാകാൻ സാധ്യതയുള്ള പ്രത്യാക്രമണങ്ങളുൾപ്പെടെ കണക്കിലെടുത്ത് ശ്രീനഗർ വിമാനത്താവളം ഇന്ന് അടച്ചിടും.

കാഷ്മീരിലെ വിദ്യാഭ്യസ സ്ഥാപനങ്ങളും ഇന്ന് അടച്ചിടും. ബുധനാഴ്ചയും മേഖലയിലെ വിമാനത്താവളവും വിദ്യാഭ്യാസ സ്ഥാപനങ്ങളും അടച്ചിട്ടിരുന്നു. ഓപ്പറേഷൻ സിന്ദൂറിന്റെ പശ്ചാത്തലത്തിൽ രാജ്യത്ത് അതീവ ജാഗ്രതാനിർദേശമാണുള്ളത്.

പാക് പ്രത്യാക്രമണമുണ്ടായേക്കാനുള്ള സാധ്യത കണക്കിലെടുത്ത് ശ്രീനഗർ ഉൾപ്പെടെ 18 വിമാനത്താവളങ്ങൾ അടച്ചിരുന്നു. 200ലധികം വിമാനങ്ങൾ റദ്ദാക്കി. ജമ്മുകാഷ്മീരിൽ കൺട്രോൾ റൂമുകൾ തുറന്നു. 10 ജില്ലകളിൽ ആണ് കൺട്രോൾ റൂമുകൾ തുറന്നത്.

# സൈനിക കേന്ദ്രങ്ങളെ അടക്കം ലക്ഷ്യംവച്ച് പാക്കിസ്ഥാൻ; തിരിച്ചടിച്ചെന്ന് ഇന്ത്യ

ന്യൂഡൽഹി: സൈനിക കേന്ദ്രങ്ങൾ അടക്കം ഇന്ത്യയിലെ വിവിധ നഗരങ്ങളിലായുള്ള 15 ഇടങ്ങളിൽ പാക്കിസ്ഥാൻ ആക്രമണത്തിന് ശ്രമം നടത്തിയെന്ന് സ്ഥിരീകരിച്ച് പ്രതിരോധ മന്ത്രാലയം. മിസൈലുകളും ഡ്രോണുകളും ഉപയോഗിച്ചായിരുന്നു ആക്രമണം. ശക്തമായ തിരിച്ചടി നൽകിയതായി ഇന്ത്യ അറിയിച്ചു.

തിരിച്ചടിയിൽ പാക്കിസ്ഥാന്റെ വ്യോമ പ്രതിരോധ സംവിധാനം ഇന്ത്യ തകർത്തു. ലാഹോറിലെ അടക്കം വ്യോമപ്രതിരോധ സംവിധാനമാണ് തകർത്തത്.

ജമ്മു കാഷ്മീർ, പഞ്ചാബ്, രാജസ്ഥാൻ, ഗുജറാത്ത് എന്നീ സംസ്ഥാനങ്ങളിലാണ് ആക്രമണ നീക്കം ഉണ്ടായത്. പാക്കിസ്ഥാനുമായി അതിർത്തി പങ്കിടുന്ന സംസ്ഥാനങ്ങളായ രാജസ്ഥാൻ, പഞ്ചാബ് എന്നിവിടങ്ങളിൽ ജാഗ്രതാ നിർദേശം നൽകിയിയിട്ടുണ്ട്.

പാക്കിസ്ഥാനുമായി 1,037 കിലോമീറ്റർ അതിർത്തി പങ്കിടുന്ന രാജസ്ഥാനിൽ അതീവ ജാഗ്രത പുലർത്തുന്നുണ്ട്.

അതിർത്തി പൂർണമായും അടച്ചുപൂട്ടി. സംശയാസ്പദമായ എന്തെങ്കിലും പ്രവർത്തനം കണ്ടാൽ അതിർത്തി സുരക്ഷാ സേനാംഗങ്ങൾക്ക് വെടിവയ്ക്കാനുള്ള ഉത്തരവ് നൽകിയിട്ടുണ്ട്.

## ദളിതർ മുടിവെട്ടാനെത്തി; കർണാടകയിലെ ഗ്രാമത്തിൽ മുഴുവൻ ബാർബർഷോപ്പുകളും അടച്ചു

ബംഗളൂരു: കർണാടകയിലെ ഗ്രാമത്തിലെ ബാർബർഷോപ്പുകളിൽ ദളിതരോട് വിവേചനം. കൊപ്പാളി ഗ്രാമത്തിലാണ് സംഭവം. ദളിതർ മുടിവെട്ടാനെത്തിയതോടെ ഗ്രാമത്തിലെ ബാർബർഷോപ്പുകൾ അടച്ചിടുകയായിരുന്നു.

വിവരം പുറത്തറിഞ്ഞതോടെ ബാർബർഷോപ്പുകൾക്ക് മുന്നറിയിപ്പുമായി പോലീസ് സ്ഥലത്തെത്തി. ഇത്തരത്തിൽ വിവേചനം കാണിച്ചാൽ തക്കതായ ശിക്ഷ ലഭിക്കുമെന്ന് ബാർബർ ഷോപ്പുടമകൾക്ക് പോലീസ് മുന്നറിയിപ്പ് നൽകി.

എന്നാൽ കടയുടമകൾ വീണ്ടും പഴയപടി തന്നെ ആവർത്തിക്കുകയായിരുന്നു. തുടർന്ന് കടകളിൽ പതിവായി എത്തിയിരുന്നവരുടെ മുടി അവരുടെ വീടുകളിലെത്തി മുറിച്ച് നൽകുകയുമായിരുന്നു.

# ഓപ്പറേഷൻ സിന്ദൂറിന് രണ്ടാം ഘട്ടമുണ്ടായേക്കുമെന്ന് സൂചന

ന്യൂഡൽഹി: ഓപ്പറേഷൻ സിന്ദൂറിന് രണ്ടാം ഘട്ടമുണ്ടായേക്കുമെന്ന് സൂചന നൽകി കേന്ദ്രം. ഇന്ത്യയുടെ പട്ടികയിലുള്ള 21 ഭീകര കേന്ദ്രങ്ങളിൽ കഴിഞ്ഞ രാത്രി ആക്രമിച്ചത് ഒമ്പതെണ്ണം മാത്രമാണെന്നും പാക് സൈനിക കേന്ദ്രങ്ങളടക്കം ആക്രമിക്കാൻ മടിക്കില്ലെന്നും ഇന്ത്യ മുന്നറിയിപ്പ് നൽകിയിട്ടുണ്ട്.

സാധാരണക്കാരെ ആക്രമിച്ചാൽ തക്കതായ തിരിച്ചടി നൽകാൻ സൈന്യത്തിന് സ്വാതന്ത്ര്യം നൽകി. അതേസമയം പാക് പോർ വിമാനങ്ങൾ ഇന്ത്യൻ അതിർത്തിയിലെത്തി. പഞ്ചാബ് അതിർത്തിയോട് ചേർന്ന സ്ഥലത്താണ് പാക് യുദ്ധ വിമാനങ്ങൾ എത്തിയതെന്നാണ് വിവരം.

ഓപ്പറേഷൻ സിന്ദൂറിന് ഇന്ത്യക്ക് തിരിച്ചടി നൽകുമെന്ന പാക് പ്രധാനമന്ത്രി ഷഹബാസ് ഷെരീഫിന്റെ പ്രസ്താവനയ്ക്ക് പിന്നാലെയാണ് പാക്കിസ്ഥാന്റെ നീക്കം. എന്നാൽ റഡാർ സംവിധാനങ്ങൾ വഴി പാക് വിമാനങ്ങളുടെ സഞ്ചാരപഥം ഇന്ത്യ മനസിലാക്കി.

തുടർന്ന് ഇന്ത്യൻ യുദ്ധ വിമാനങ്ങൾ മേഖലയിലേക്ക് ഉടൻ കുതിച്ചെത്തുകയായിരുന്നു. പിന്നാലെ പാക് വിമാനങ്ങൾ അതിർത്തി കടക്കാതെ മടങ്ങിയെന്നാണ് വിവരം.

# സ്കൂൾ കുട്ടികളുമായി പോയ വാഹനം ട്രക്കുമായി കൂട്ടിയിടിച്ചു; ഏഴ് പേർ മരിച്ചു

അമൃതസർ: പഞ്ചാബിലെ പട്യാല ജില്ലയിലെ സമാനയിൽ സ്കൂൾ കുട്ടികൾ സഞ്ചരിച്ചിരുന്ന വാഹനം ട്രക്കുമായി കൂട്ടിയിടിച്ച് ആറ് സ്കൂൾ കുട്ടികളും ഒരു ഡ്രൈവറും മരിച്ചു. സമാന -പട്യാല റോഡിലാണ് അപകടമുണ്ടായത്. സ്കൂളിൽ നിന്ന് വിദ്യാർഥികളെ തിരികെ വീടുകളിലേക്ക് കൊണ്ടുപോകുന്നതിനിടെയാണ് സംഭവം. വാഹനത്തിലുണ്ടായിരുന്ന ഒമ്പത് കുട്ടികളിൽ ആറ് പേർ മരിച്ചതായും ഒരു കുട്ടിക്ക് ഗുരുതരമായി പരിക്കേറ്റതായും പോലീസ് പറഞ്ഞു. മരിച്ച കുട്ടികൾ 12-13 വയസിനിടയിലുള്ളവരാണെന്ന് പോലീസ് കൂട്ടിച്ചേർത്തു.സംഭവത്തിൽ പഞ്ചാബ് മുഖ്യമന്ത്രി ഭഗവന്ത് മാൻ ദുഃഖം രേഖപ്പെടുത്തി. ശിരോമണി അകാലിദൾ നേതാവ് സുഖ്ബീർ സിംഗ് ബാദലും മരണത്തിൽ അനുശോചനം രേഖപ്പെടുത്തി.

# ബലൂച് ലിബറേഷൻ ആർമിയുടെ സ്ഫോടനം; 14 പാക് സൈനികർ കൊല്ലപ്പെട്ടു

ഇസ്ലാമബാദ്: പാക്കിസ്ഥാന് തലവേദനയായി ബലൂച് ലിബറേഷൻ ആർമി. രണ്ട് വ്യത്യസ്ത ആക്രമണങ്ങളിലായി 14 പാക്കിസ്ഥാൻ സൈനികരെ കൊലപ്പെടുത്തിയെന്ന് ബലൂച് ലിബറേഷൻ ആർമി അവകാശപ്പെട്ടു. രണ്ട് സൈനിക വാഹനങ്ങൾ തകർത്തതെന്നാണ് അവരുടെ അവകാശവാദം. പാക് സൈനിക വാഹനം കുഴിബോംബ് സ്ഫോടനത്തിൽ തകർക്കുന്ന ദൃശ്യങ്ങളും അവർ സമൂഹ മാധ്യമങ്ങളിലൂടെ പുറത്തുവിട്ടു. ഇത്തരം ആക്രമണങ്ങൾ തുടരുമെന്ന മുന്നറിയിപ്പും ബലൂചിസ്ഥാൻ നൽകിയിട്ടുണ്ട്. എന്നാൽ പാക്കിസ്ഥാൻ ഇതുവരെ ഇക്കാര്യത്തിൽ പ്രതികരിച്ചിട്ടില്ല.പാക് ഭരണകൂടം പൗരാവകാശ ലംഘനം നടത്തുന്നെന്ന് ആരോപിച്ച് സ്വതന്ത്ര രാജ്യത്തിന് വേണ്ടി പ്രക്ഷോഭങ്ങൾ നടത്തുന്ന സായുധസംഘമാണ് ബലൂചിസ്ഥാൻ ലിബറേഷൻ ആർമി. നേരത്തേയും പല തവണ പാക് സൈന്യത്തിന് നേരെ ഇവർ ആക്രമണം നടത്തിയിട്ടുണ്ട്.

Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.

# പഹൽഗാം ഭീകരാക്രമണത്തിന്റെ സൂത്രധാരൻ കേരളത്തിൽ പഠിച്ചെന്ന റിപ്പോർട്ട്; പോലീസ് പരിശോധന നടത്തും

തിരുവനന്തപുരം: പഹൽഗാമിൽ ഭീകരാക്രമണത്തിന്റെ സൂത്രധാരനും ടിആർഎഫ് തലവനുമായ ഷെയ്ക് സജ്ജാദ് ഗുൽ കേരളത്തിലെത്തിൽ പഠിച്ചെന്ന റിപ്പോർട്ട് പുറത്തുവന്നതിന് പിന്നാലെ പരിശോധന നടത്താൻ പോലീസ്.

ഇതുസംബന്ധിച്ച് ഇൻറലിജൻസ് വിവരശേഖരണം നടത്തും. എൻഐഎ ആവശ്യപ്പെട്ടാൽ മാത്രം കേരളാ പോലീസ് നേരിട്ട് അന്വേഷണം നടത്തും. പഠന സമയത്ത് ഗുൽ കേരളത്തിലുണ്ടായിരുന്നതെന്ന് അന്വേഷണ ഉദ്യോഗസ്ഥരെ ഉദ്ധരിച്ച് പിടിഐയാണ് റിപ്പോർട്ട് ചെയ്തത്.

2000–2002 വരെയുള്ള സമയത്താണ് ഇയാൾ കേരളത്തിൽ ഉണ്ടായിരുന്നതെന്നാണ് വിവരം. ശ്രീനഗറിലെ പഠനത്തിന് ശേഷം ബംഗളൂരുവിലാണ് ഗുൽ എംബിഎ പഠിച്ചത്. ശേഷം കേരളത്തിൽ ലാബ് ടെക്നീഷ്യൻ കോഴ്സ് ചെയ്തിരുന്നു. പഠനത്തിന് ശേഷം കാഷ്മീരിലേക്ക് തിരിച്ചെത്തിയ ഗുൽ ലാബ് ആരംഭിക്കുകയും ഭീകരസംഘടനകൾക്ക് സഹായം ചെയ്തിരുന്നതായും റിപ്പോർട്ടിലുണ്ട്.

നിലവിൽ പാക്കിസ്ഥാനിലെ റാവിൽപിണ്ടിയിൽ ലഷ്കർ-ഇ-തൊയ്ബയുടെ സഹായത്തോടെ ഒളിവിൽ കഴിയുകയാണ് ഗുൽ. സജ്ജാദ് അഹമ്മദ് ഷെയ്ഖ് എന്നും അറിയപ്പെടുന്ന ഇയാൾ 2020 നും 2024 നും ഇടയിൽ സെൻട്രൽ കശ്മീരിലും, തെക്കൻ കാഷ്മീരിലും നടന്ന ഭീകരാക്രമണങ്ങളുടെ സൂത്രധാരനാണ്. 2022 ൽ എൻഐഎ ഭീകരനായി പ്രഖ്യാപിച്ച ഇയാളുടെ തലയ്ക്ക് 10 ലക്ഷം രൂപ വിലയിട്ടിരുന്നു.

# മകളുടെ വിവാഹത്തിൽ പങ്കെടുക്കാനായി മോൻസൺ മാവുങ്കലിന് ഇടക്കാല ജാമ്യം

കൊച്ചി: പുരാവസ്തു തട്ടിപ്പുകേസിലെ പ്രതി മോൻസൺ മാവുങ്കലിന് ഹൈക്കോടതി ഇടക്കാല ജാമ്യം അനുവദിച്ചു.ഇന്ന് നടക്കുന്ന മകളുടെ വിവാഹത്തിൽ പങ്കെടുക്കാനാണ് കോടതി മോൻസൺ മാവുങ്കലിന് ജാമ്യം അനുവദിച്ചത്. ഒരാഴ്ചത്തേക്കാണ് ജാമ്യം.ജസ്റ്റീസുമാരായ പി. ഗോപിനാഥ്, ബസന്ത് ബാലാജി എന്നിവരടങ്ങുന്ന ഡിവിഷൻ ബെഞ്ചാണ് ജാമ്യം അനുവദിച്ചത്. പ്രതിയുടെ ഭാര്യ കഴിഞ്ഞ വർഷം മരിച്ചതുകൂടി പരിഗണിച്ചാണ് ജാമ്യം നൽകിയുള്ള കോടതിയുടെ ഉത്തരവ്. ഒരു ലക്ഷം രൂപയുടെ സ്വന്തം ജാമ്യത്തിലും സമാന തുകയ്ക്കുള്ള രണ്ടുപേരുടെ ആൾ ജാമ്യത്തിന്റെ അടിസ്ഥാനത്തിലുമാണ് ജാമ്യം. സംസ്ഥാനം വിട്ടുപോകരുതെന്നും മേയ് 11ന് ചേർത്തല പോലീസ് സ്റ്റേഷനിൽ ഹാജരാകണമെന്നും ജാമ്യം നൽകിയുള്ള കോടതി ഉത്തരവിൽ പറയുന്നു. ഇടക്കാല ജാമ്യം ഒരുകാരണവശാലും നീട്ടില്ലെന്നും വിയ്യൂർ ജയിലിൽ മേയ് 14ന് വൈകിട്ട് അഞ്ചിന് മുൻപ് റിപ്പോർട്ട് ചെയ്യണമെന്നും കോടതി നിർദേശമുണ്ട്. ഹർജി വീണ്ടും 19ന് പരിഗണിക്കാൻ മാറ്റി. പോക്സോ കേസിലും പ്രതിയാണ് മോൻസൺ മാവുങ്കൽ. ജീവനക്കാരിയുടെ മകളെ പീഡിപ്പിച്ച സംഭവത്തിലാണ് ഇയാൾക്കെതിരെ പോക്സോ കേസ് നിലവിലുള്ളത്. പുരാവസ്തു വില്പനക്കാരനെന്ന പേരിൽ പലരിൽ നിന്നായി പത്തുകോടി രൂപയോളം തട്ടിയെടുത്തു എന്നാണ് മോൻസൺ മാവുങ്കലിനെതിരായ കേസ്. 2021 സെപ്റ്റംബർ മുതൽ കസ്റ്റഡിയിൽ കഴിയുകയാണ് മോൻസൺ.

## സംസ്ഥാനത്ത് വീണ്ടും നിപ; മലപ്പുറം സ്വദേശിനിക്ക് രോഗം സ്ഥിരീകരിച്ചു

മലപ്പുറം: സംസ്ഥാനത്ത് വീണ്ടും നിപ. വളാഞ്ചേരി സ്വദേശിയായ നാൽപത്തിരണ്ടുകാരിക്കാണ് രോഗം സ്ഥിരീകരിച്ചത്. ഇവർ പെരുന്തൽമണ്ണയിലെ ആശുപത്രിയിൽ ചികിത്സയിലാണ്.

കടുത്ത പനിയെ തുടർന്ന് ചികിത്സയിൽ കഴിഞ്ഞിരുന്ന ഇവർക്ക് നിപ രോഗലക്ഷണങ്ങൾ കണ്ടതോടെ സ്രവ സാമ്പിൾ പരിശോധനയ്ക്ക് അയയ്ക്കുകയായിരുന്നു. കോഴിക്കോട് മൈക്രോബയോളജി ലാബിൽ നടത്തിയ പരിശോധനയിൽ രോഗമുണ്ടെന്ന് കണ്ടെത്തി.

ഇതോടെ പൂനെയിലെ ലാബിലേക്ക് സ്രവ സാമ്പിൾ അയച്ചു. ഈ പരിശോധനയിൽ രോഗം സ്ഥിരീകരിക്കുകയായിരുന്നു.

## വൺവേ തെറ്റിച്ച് കെഎസ്ആർടിസി; അപകടത്തിൽ ബൈക്ക് യാത്രികൻ മരിച്ചു

തിരുവനന്തപുരം: പള്ളിപ്പുറത്ത് കെഎസ്ആർടിസി ബസ് ഇടിച്ച് ബൈക്ക് യാത്രികനായ യുവാവ് മരിച്ചു. പള്ളിപ്പുറം ബിസ്മി മൻസിലിൽ ആഷിക് (21) ആണ് മരിച്ചത്. ഇന്ന് പുലർച്ചെ ഒന്നിന് പള്ളിപ്പുറം മുഴുത്തിരിയാവട്ടത്തായിരുന്നു അപകടം. തിരുവനന്തപുരത്തേക്ക് പോയ കെഎസ്ആർടിസി സൂപ്പർഫാസ്റ്റ് ബസും ബൈക്കും നേർക്കുനേർ ഇടിക്കുകയായിരുന്നു.

ദേശീയപാത നിർമാണം നടക്കുന്ന ഇവിടെ ഗതാഗത നിയന്ത്രണം ഏർപ്പെടുത്തിയിരുന്നു. വൺവേ തെറ്റിച്ചാണ് ബസ് വന്നത്. അപകടത്തിൽ ഗുരുതരമായി പരിക്കേറ്റ ആഷികിനെ മെഡിക്കൽ കോളജിലേക്ക് എത്തിച്ചെങ്കിലും ജീവൻ രക്ഷിക്കാനായില്ല.

സംഭവത്തിൽ മംഗലപുരം പോലീസ് കേസെടുത്തു. ആഷിക്കിന്റെ മൃതദേഹം മെഡിക്കൽ കോളജ് മോർച്ചറിയിലേക്ക് മാറ്റി. പോലീസ് നടപടികൾക്കും പോസ്റ്റ്മോർട്ടത്തിനും ശേഷം മൃതദേഹം ബന്ധുക്കൾക്ക് വിട്ടുനൽകും.

## മാനന്തവാടിയിൽ മകൻ അച്ഛനെ വെട്ടിക്കൊന്നു

വയനാട്: മാനന്തവാടിയിൽ മകൻ അച്ഛനെ വെട്ടിക്കൊന്നു. മാനന്തവാടി എടവക കടന്നലാട്ട് കുന്ന്, മലേക്കുടി ബേബി (63)ആണ് കൊല്ലപ്പെട്ടത്.

ബുധനാഴ്ച രാത്രിയുണ്ടായ കുടുംബ വഴക്കിനിടയിൽ നെഞ്ചിന് ആഴത്തിൽ മുറിവേറ്റ ബേബിയെ മാനന്തവാടി മെഡിക്കൽ കോളജ് ആശുപത്രിയിൽ പ്രവേശിപ്പിച്ചെങ്കിലും ജീവൻ രക്ഷിക്കാനായില്ല. ഇന്ന് പുലർച്ചെ ഒന്നിനായിരുന്നു മരണം സംഭവിച്ചത്.

മകൻ റോബിനെ പോലീസ് കസ്റ്റഡിയിലെടുത്തു. റോബിൻ തന്റെ അമ്മയെ ആക്രമിക്കാൻ ശ്രമിച്ചപ്പോൾ ബേബി തടഞ്ഞെന്നും ഇതിനെ തുടർന്നുള്ള തർക്കത്തിനിടെ പിതാവിന് വെട്ടേറ്റെന്നുമാണ് പ്രതി പോലീസിനോട് വിശദീകരിച്ചത്.

ചോദ്യം ചെയ്യൽ തുടരുകയാണ്. വൈകാതെ ഇയാളുടെ അറസ്റ്റ് രേഖപ്പെടുത്തുമെന്ന് പോലീസ് അറിയിച്ചു. സംഭവം നടന്ന രാത്രിയിൽ പ്രതി മദ്യലഹരിയിലായിരുന്നുവെന്നാണ് സൂചന.

## വീണാ ജോർജിന്റെ യുഎസ് യാത്രക്ക് അനുമതി നിഷേധിച്ച് കേന്ദ്രം

തിരുവനന്തപുരം: ആരോഗ്യമന്ത്രി വീണാ ജോർജിന്റെ യുഎസ് യാത്രക്ക് അനുമതി നിഷേധിച്ച് കേന്ദ്രസർക്കാർ. അമേരിക്കയിലെ ജോൺസ് ഹോപ്കിൻസ് സർവകലാശാലയിൽ പ്രഭാഷണം നടത്തുന്നതിനാണ് യാത്രാ അനുമതി തേടിയത്. സർവകലാശാലയാണ് പ്രഭാഷണത്തിന് മന്ത്രിയെ ക്ഷണിച്ചത്. മൂന്നാഴ്ച മുമ്പാണ് ജോൺസ് ഹോപ്കിൻസ് സർവകലാശാലയിൽ പോകാനായി മന്ത്രി കേന്ദ്രത്തോട് അനുമതി തേടിയത്. എന്നാൽ മൂന്ന് ദിവസം മുമ്പാണ് അനുമതി നിഷേധിച്ചുകൊണ്ടുള്ള അറിയിപ്പ് വന്നതെന്ന് മന്ത്രിയുടെ ഓഫീസ് അറിയിച്ചു. ലോകത്തിലെ ഏറ്റവും പ്രശസ്തമായ സ്വകാര്യ ആരോഗ്യ ഗവേഷണ സർകലാശാലയാണ് ജോൺസ് ഹോപ്കിൻസ്.

# ആലപ്പുഴ വഴിയുള്ള വന്ദേ ഭാരതിന് 16 കോച്ചുകൾ

കൊല്ലം: ആലപ്പുഴ വഴിയുള്ള വന്ദേഭാരത് എക്സ്പ്രസിന് 16 കോച്ചുകൾ ഏർപ്പെടുത്തും. ഇതു സംബന്ധിച്ച നിർദേശം റെയിൽവേ ബോർഡ് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നൽകി. ഔദ്യോഗിക അറിയിപ്പ് ഉടൻ ഉണ്ടാകും. ചെന്നൈ എഗ്മോർ - നാഗർ കോവിൽ വന്ദേഭാരത് എക്സ്പ്രസ് 16 കോച്ചിൽ നിന്ന് 20 കോച്ചിലേയ്ക്ക് ഉയർത്താൻ തീരുമാനിച്ചിട്ടുണ്ട്. ഈ വണ്ടി 20 കോച്ചിലേയ്ക്ക് മാറുമ്പോൾ നിലവിൽ ഉണ്ടായിരുന്ന 16 കാർ റേക്ക് തിരുവനന്തപുരം -മംഗളുരു വന്ദേ ഭാരതിനായി ഉപയോഗിക്കാനാണ് തീരുമാനം.

നിലവിൽ ഈ വന്ദേഭാരത് സർവീസ് നടത്തുന്നത് എട്ട് കോച്ചുകളുമായാണ്. എല്ലാ ദിവസവും 100 ശതമാനം യാത്രക്കാരുമായാണ് വണ്ടി ഇരു ദിശകളിലും സർവീസ് നടത്തുന്നത്. കോച്ചുകളുടെ എണ്ണം ഇരട്ടിയാകുന്നതോടെ നൂറുകണക്കിന് ആൾക്കാർക്ക് പ്രയോജനം ചെയ്യും.

രാജ്യത്ത് നിലവിൽ സർവീസ് നടത്തുന്ന 16 കോച്ചുകളുള്ള പല വന്ദേഭാരത് എക്സ്പ്രസുകളും 20 കോച്ചുള്ള സർവീസുകളായി ഉയർത്താൻ തീരുമാനിച്ചിട്ടുണ്ട്. എന്നാൽ വരുമാനത്തിന്റെ കാര്യത്തിൽ മുന്നിൽ നിൽക്കുന്ന കോട്ടയം വഴിയുള്ള തിരുവനന്തപുരം– മംഗലാപുരം വന്ദേ ഭാരത് എക്സ്പ്രസിനെ റെയിൽവേ ഇക്കാര്യത്തിൽ പരിഗണിച്ചിട്ടില്ല. ഇത് കേരളത്തിലെ യാത്രക്കാരെ സംബന്ധിച്ചിടത്തോളം വലിയ തിരിച്ചടിയാണ്.

## ബൈക്കിൽ കൊണ്ടുവന്ന 2.8 ഗ്രാം എംഡിഎംഎയുമായി രണ്ട് യുവാക്കൾ പിടിയിൽ

തിരുവനന്തപുരം: ബൈക്കിൽ കൊണ്ടുവന്ന എംഡിഎംഎയുമായി രണ്ട് യുവാക്കൾ പിടിയിൽ. ആമച്ചൽ ചന്ദ്രമംഗലം സ്വദേശി അനീഷ് (26), സുഹൃത്ത് വിതുര മേമല സ്വദേശി അമൽദേവ് (27) എന്നിവരാണ് അറസ്റ്റിലായത്. കേരള–തമിഴ്നാട് അതിർത്തിയിലെ നെട്ട ചെക്പോസ്റ്റിലൂടെയാണ് ഇവർ ബൈക്കിലെത്തിയത്. 2.8 ഗ്രാം എംഡിഎംഎയാണ് ഇവരുടെപക്കലുണ്ടായിരുന്നത്.

ഡാൻസാഫ് സംഘമാണ് ഇരുവരെ പിടികൂടിയത്. ചൊവ്വാഴ്ച വൈകുന്നേരമാണ് ഇവർ ബൈക്കിൽ ലഹരി മരുന്നുമായി എത്തുന്നുണ്ടെന്ന് രഹസ്യവിവരം ലഭിക്കുന്നത്.

പിന്നാലെ നടത്തിയ പരിശോധനയിലാണ് പ്രതികളെ പിടികൂടിയത്. ഇവർ ബംഗളൂരുവിൽ നിന്ന് സ്ഥിരമായി ലഹരി കടത്തുന്ന സംഘത്തിലെ കണ്ണികളാണെന്ന് ഉദ്യോഗസ്ഥർ പറഞ്ഞു. കോടതിയിൽ ഹാജരാക്കിയ പ്രതികളെ റിമാൻഡ് ചെയ്തു.

## നന്തൻകോട് കൂട്ടക്കൊല: വിധി പ്രസ്താവം വീണ്ടും മാറ്റി

തിരുവനന്തപുരം: നന്തൻകോട് കൂട്ടക്കൊല കേസിലെ വിധിപ്രസ്താവം വീണ്ടും മാറ്റി. തിരുവനന്തപുരം ആറാം അഡീഷണൽ സെഷൻസ് കോടതിയാണ് കേസ് തിങ്കളാഴ്ചയിലേക്ക് മാറ്റിയത്. കേദൽ ജിൻസൺ രാജ മാതാപിതാക്കളെയും സഹോദരിയെയും ബന്ധുവിനെയും വീട്ടിൽ വച്ച് കൊലപ്പെടുത്തിയെന്നാണ് കേസ്. ഡോ. ജീൻ പദ്മ, ഭർത്താവ് റിട്ട. പ്രഫ. രാജ തങ്കം, മകൾ കരോളിൻ, ഡോക്ടറുടെ ബന്ധു ലളിത എന്നിങ്ങനെ നാലു പേരാണ് കൊല്ലപ്പെട്ടത്. പ്രതിക്ക് മാനസിക പ്രശ്നങ്ങളില്ലെന്ന് ഡോക്ടർമാരുടെ സംഘം റിപ്പോർട്ട് നൽകിയതോടെയാണ് വിചാരണ തുടങ്ങിയത്. കൂട്ടകൊലപാതകം നടന്ന് എട്ടു വർഷത്തിനു ശേഷമാണ് വിധി വരുന്നത്. ദീർഘനാളുള്ള ആസൂത്രണത്തിനൊടുവിലാണ് കുടുബാംഗങ്ങളെ അരുംകൊല ചെയ്തതെന്നാണ് പ്രോസിക്യൂഷൻ കേസ്.

2017 ഏപ്രിൽ അഞ്ചിനായിരുന്നു നാടിനെ നടുക്കിയ സംഭവം അരങ്ങേറിയത്. സംഭവത്തിനുശേഷം ചെന്നൈയിലേക്ക് രക്ഷപ്പെട്ട പ്രതി തിരികെ തിരുവനന്തപുരത്ത് എത്തിയപ്പോഴാണ് പിടിയിലായത്.

# ശ്രീനാരായണപുരം ഗവ. യു. പി. എസിൽ പുതിയ കെട്ടിടത്തിന് ശിലാസ്ഥാപനം നിർവഹിച്ചു

അടിസ്ഥാന സൗകര്യങ്ങളുടെ കാര്യത്തിൽ നമ്മൾ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർന്നെന്നും കേരളത്തിലെ സ്കൂളുകൾ സമീപ വർഷങ്ങളിൽ ശ്രദ്ധേയമായ പുരോഗതി കൈവരിച്ചിട്ടുണ്ടെന്നും പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പ് മന്ത്രി വി.ശിവൻകുട്ടി.

100 വർഷം പിന്നിട്ട ശ്രീനാരായണപുരം ഗവ.യു.പി.എസിൽ പുതുതായി നിർമിക്കുന്ന കെട്ടിടത്തിന്റെ ശിലാസ്ഥാപനം നിർവഹിച്ചു സംസാരിക്കുകയായിരുന്നു അദ്ദേഹം.

ആധുനിക ക്ലാസ് മുറികൾ മുതൽ ഡിജിറ്റൽ സൗകര്യങ്ങൾ വരെ നമ്മുടെ വിദ്യാർഥികൾക്ക് ഏറ്റവും മികച്ച പഠന അന്തരീക്ഷം ലഭ്യമാക്കുന്നുവെന്ന് ഉറപ്പാക്കിയിട്ടുണ്ട്. എന്നാൽ അടിസ്ഥാന സൗകര്യങ്ങൾ മാത്രം വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം നിർവചിക്കുന്നില്ല. സബ്ജക്ട് മിനിമം അവതരിപ്പിച്ചുകൊണ്ട് ഈ വർഷം മുതൽ ഒരു നിർണായക ചുവടുവെയ്പ്പ് പൊതുവിദ്യാഭ്യാസ വകുപ്പ് നടത്തി. പശ്ചാത്തലമോ സാഹചര്യമോ പരിഗണിക്കാതെ, ഓരോ വിദ്യാർഥിയും പഠനത്തിന്റെ ഓരോ ഘട്ടത്തിലും അത്യാവശ്യമായ അടിസ്ഥാന അക്കാദമിക് കഴിവുകൾ നേടുന്നുണ്ടെന്ന് ഉറപ്പാക്കുകയാണ് സബ്ജക്ട് മിനിമം കൊണ്ട് ലക്ഷ്യമിടുന്നതെന്നും മന്ത്രി പറഞ്ഞു.

ശതാബ്ദി പ്രവേശന കവാടത്തിന്റെ ശിലാസ്ഥാപനം വി.ജോയ് എം.എൽ.എ നിർവഹിച്ചു. ഒ.എസ് അംബിക എം.എൽ.എയുടെ പ്രാദേശിക വികസന ഫണ്ടിൽ നിന്നും പുതിയ കെട്ടിടം നിർമിക്കാൻ ഒരു കോടി രൂപ അനുവദിച്ചിരുന്നു.

സ്കൂൾ ഓഡിറ്റോറിയത്തിൽ നടന്ന ചടങ്ങിൽ ഒ.എസ്.അംബിക എം.എൽ.എ. അധ്യക്ഷത വഹിച്ചു. ഒറ്റൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് പി.ബീന, പ്രഥമാധ്യാപിക സിന്ധു.എം, ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് സ്മിതാ സുന്ദരേശൻ തുടങ്ങിയവർ പങ്കെടുത്തു.

## പന്തളത്ത് നാലിനം ലഹരി വസ്തുക്കളുമായി യുവാവ് പിടിയിൽ

പത്തനംതിട്ട: പന്തളം കീരുകുഴിയിൽ നാലിനം ലഹരി വസ്തുക്കളുമായി യുവാവ് പിടിയിൽ. എൽഎസ്ഡി സ്റ്റാമ്പ്, ഹാഷിഷ് ഓയിൽ, എംഡിഎംഎ, ഹൈബ്രിഡ് കഞ്ചാവ് എന്നിവയാണ് പിടികൂടിയത്.

തട്ട സ്വദേശി അഖിൽ രാജു ഡാനിയേലാണ് പിടിയിലായത്. പത്തനംതിട്ട എക്സൈസ് സ്ക്വാഡ് പ്രതിയെ ഓടിച്ചിട്ടാണ് പിടികൂടിയത്. പ്രതി സഞ്ചരിച്ചിരുന്ന ബൈക്കും കസ്റ്റഡിയിലെടുത്തിട്ടുണ്ട്.

## വിളപ്പിൽശാലയിൽ മൂന്നംഗസംഘം ഹോട്ടലിൽ അതിക്രമം നടത്തിയതായി പരാതി

തിരുവനന്തപുരം: വിളപ്പിൽശാലയിൽ യുവതി ഉൾപ്പെടെയുള്ള മൂന്നംഗസംഘം ഹോട്ടലിൽ അതിക്രമം നടത്തിയതായി പരാതി. ഇന്ന് രാത്രി ഏഴുമണിയോടെയാണ് സംഭവം. ഹോട്ടലിൽ എത്തിയ യുവതിയും രണ്ട് യുവാക്കളും അടങ്ങിയ സംഘം ജീവനക്കാരോട് തട്ടിക്കയറുകയായിരുന്നു.

ഹോട്ടലിലെ ജീവനക്കാരൻ യുവതിക്ക് നൽകിയ പണം തിരികെ ചോദിച്ചതായിരുന്നു പ്രകോപനത്തിന്റെ കാരണം. പിന്നാലെ ജീവനക്കാരനെ മർദ്ദിക്കുകയും ഹോട്ടലിലെ സാധനസാമഗ്രികൾ നശിപ്പിക്കുകയും ചെയ്തു. സംഭവത്തിൽ ഇവർക്കെതിരെ കടയുടമ പോലീസിൽ പരാതി നൽകി.

## കൊല്ലത്ത് തെരുവ് നായ ആക്രമണം; രണ്ട് വയോധികർക്ക് പരിക്ക്

കൊല്ലം: ഓയൂർ മൈലോട് തെരുവ് നായ ആക്രമണത്തിൽ രണ്ട് വയോധികർക്ക് പരിക്ക്. മൈലോട് നെല്ലിപ്പറമ്പിൽ സരസ്വതിയമ്മ, രാജേന്ദ്രൻ ഉണ്ണിത്താൻ എന്നിവർക്കാണ് പരിക്കേറ്റത്. ഇവരെ ആശുപത്രിയിലെത്തിച്ച് ചികിത്സ നൽകി. മുറ്റം അടിക്കുകയായിരുന്ന സരസ്വതിയമ്മയെ തെരുവ് നായ്ക്കൾ കൂട്ടത്തോടെ എത്തി ആക്രമിക്കുകയായിരുന്നു. ഇവരുടെ കണ്ണിനും കാലിനും കൈയ്ക്കും പരിക്കുണ്ട്. നാട്ടുകാർ ഓടിക്കൂടിയതോടെ നായ്ക്കൾ ഓടി രക്ഷപെട്ടു. പിന്നീട് വഴിയിലൂടെ നടന്നുപോയ രാജേന്ദ്രൻ ഉണ്ണിത്താനെയും നായ്ക്കൾ ആക്രമിക്കുകയായിരുന്നു. ഇയാളുടെ തലയിലും നെറ്റിയിലും തുടയിലും കടിയേറ്റിട്ടുണ്ട്.

# നവീകരിച്ച ആറ്റിങ്ങൽ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസ് ഉദ്ഘാടനം ചെയ്തു

പ്രാദേശിക തലത്തിൽ വിദ്യാഭ്യാസ ആസൂത്രണത്തിന്റെയും ഏകോപനത്തിന്റെയും നാഡീകേന്ദ്രമാണ് എ.ഇ.ഒ ഓഫീസെന്നും നയങ്ങൾ പ്രായോഗികതയുമായി പൊരുത്തപ്പെടുന്നതും സ്വപ്നങ്ങൾ രൂപപ്പെടുന്നതും ഇവിടെയാണെന്നും പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പ് മന്ത്രി വി.ശിവൻകുട്ടി.

ആറ്റിങ്ങലിൽ അത്യാധുനിക സംവിധാനങ്ങളോടെ നവീകരിച്ച ഉപജില്ലാ വിദ്യാഭ്യാസ ഓഫീസ് ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം.

വിദ്യാഭ്യാസം എപ്പോഴും നമ്മുടെ സമൂഹത്തിന്റെ ശക്തിയാണ്. ക്ലാസ് മുറികളും പാഠപുസ്തകങ്ങളും മാത്രമല്ല അത് പ്രവർത്തിപ്പിക്കുന്ന വ്യക്തികളും കൂടി ഉൾപ്പെടുന്നതാണ് ഏതൊരു വിദ്യാഭ്യാസ സംവിധാനത്തിന്റെയും ശക്തി. അത് നമ്മുടെ അധ്യാപകർ, അഡ്മിനിസ്ട്രേറ്റർമാർ, സപ്പോർട്ട് സ്റ്റാഫ് എന്നിവരാണെന്നും മന്ത്രി പറഞ്ഞു.

ഹരിത ഓഫീസ് ആരംഭിക്കുന്നതിന്റെ ഭാഗമായി 7,05,600 രൂപ വിനിയോഗിച്ച് സോളാർ സംവിധാനം നടപ്പിലാക്കി.

2024–25 സാമ്പത്തിക വർഷത്തെ നവീകരണ പ്രവർത്തികൾക്ക് വേണ്ടി 10,87,184 തുക വിനിയോഗിച്ച് ഓഫീസ് പൂർണമായും നവീകരിച്ചു. 2022 ഏപ്രിൽ മുതൽ 'ഇ-ഓഫീസ്' സംവിധാനത്തിലാണ് ഇവിടെ പ്രവർത്തനം നടക്കുന്നത്.

ഉദ്ഘാടന ചടങ്ങിൽ ഒ.എസ്.അംബിക എം.എൽ.എ, നഗരസഭാ ചെയർപേഴ്സൺ അഡ്വ.എസ്.കുമാരി, ഉപജില്ല വിദ്യാഭ്യാസ ഓഫീസർ പി. സജി, ഉപജില്ല വിദ്യാഭ്യാസ ഓഫീസ് സീനിയർ സൂപ്രണ്ട് ദിനേശ്. കെ എന്നിവർ പങ്കെടുത്തു.അടിസ്ഥാന സൗകര്യങ്ങളുടെ കാര്യത്തിൽ കേരളം അന്താരാഷ്ട്ര നിലവാരത്തിൽ: മന്ത്രി വി.ശിവൻകുട്ടി

## തൃത്താലയിൽ ഓട്ടോറിക്ഷ നിയന്ത്രണംവിട്ട് മറിഞ്ഞു; ഡ്രൈവർ മരിച്ചു

പാലക്കാട്: ഓട്ടോറിക്ഷ നിയന്ത്രണംവിട്ട് മറിഞ്ഞുണ്ടായ അപകടത്തിൽ ഓട്ടോഡ്രൈവർ മരിച്ചു. തിരുമിറ്റക്കോട് സ്വദേശി പറപ്പുരക്കൽ മണികണ്ഠൻ (52) ആണ് മരിച്ചത്. പാലക്കാട് തൃത്താല പട്ടിത്തറയിൽ ചൊവ്വാഴ്ച വൈകിട്ടായിരുന്നു അപകടം.

കോട്ടപ്പാടം സർക്കാർ ആശുപത്രിക്ക് സമീപത്തായിരുന്നു അപകടം. കൂറ്റനാട് ഭാഗത്തേക്ക് വരികയായിരുന്ന ഓട്ടോറിക്ഷ നിയന്ത്രണം വിട്ട് മറിയുകയായിരുന്നു.

ഓടിക്കൂടിയ നാട്ടുകാർ ചേർന്ന് അപകടത്തിൽ പരിക്കേറ്റ മണികണ്ഠനെ ആദ്യം സമീപത്തെ സർക്കാർ ആശുപത്രിയിലും പിന്നീട് കുന്നംകുളത്തെ സ്വകാര്യ ആശുപത്രിയിലും പ്രവേശിപ്പിച്ചുവെങ്കിലും ജീവൻ രക്ഷിക്കാനായില്ല. മൃതദ്ദേഹം പോസ്റ്റ്മോർട്ടം നടപടികൾക്ക് ശേഷം ബന്ധുക്കൾക്ക് വിട്ടുനൽകി.

## തീയതി നീട്ടി

കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി പദ്ധതിയിൽ അംഗങ്ങളായ തൊഴിലാളികൾക്ക് കുടിശിക ഒടുക്കുന്നതിനുള്ള അവസാന തീയതി മെയ് 31 വരെ നീട്ടി. ഓൺലൈൻ, ഫ്രണ്ട്സ് ജനസേവന കേന്ദ്രം, സൗത്ത് ഇന്ത്യൻ ബാങ്കിന്റെ ബ്രാഞ്ചുകൾ എന്നിവ മുഖേനയും പി.ഒ.എസ് മെഷീനുകൾ ഉപയോഗിച്ച് ജില്ലാ ഓഫീസുകളിലും ക്ഷേമനിധി അടയ്ക്കുവാൻ സൗകര്യം ഒരുക്കിയിട്ടുണ്ട്.

## ഗതാഗത നിയന്ത്രണം

ഊറ്റുകുഴി മുളയറ റോഡിൽ ഊറ്റുകുഴി ജംഗ്ഷനു സമീപം കലുങ്കിന്റെ നിർമാണ പ്രവൃത്തികൾ നടക്കുന്നതിനാൽ മെയ് 9 മുതൽ 45 ദിവസത്തേക്ക് പ്രദേശത്ത് ഭാഗിക ഗതാഗത നിയന്ത്രണം ഏർപ്പെടുത്തിയതായി അസിസ്റ്റന്റ് എൻജിനീയർ അറിയിച്ചു.

## ഇന്ത്യയുമായി സമ്പർക്കം നടത്തുകയാണെന്ന് പാക്കിസ്ഥാൻ; പ്രതികരിക്കാതെ ഇന്ത്യ

ന്യൂഡൽഹി: ഓപ്പറേഷൻ സിന്ദൂറിന് പിന്നാലെ ഇന്ത്യയുമായി സമ്പർക്കം നടത്തുകയാണെന്ന് പാക്കിസ്ഥാൻ. പാക് വിദേശകാര്യ മന്ത്രിയും ഉപപ്രധാനമന്ത്രിയുമായ ഇഷാഖ് ധർ ആണ് ഒരു വിദേശ മാധ്യമത്തോട് ഇക്കാര്യം പറഞ്ഞത്. ഇന്ത്യയുടെയും പാക്കിസ്ഥാന്റെയും ദേശീയ സുരക്ഷാ ഉപദേഷ്ടാക്കൾ തമ്മിൽ സമ്പർക്കം തുടരുന്നതായാണ് വിവരം. എന്നാൽ ഇന്ത്യ ഇതിനോട് ഇതുവരെ പ്രതികരിച്ചിട്ടില്ല. അതേസമയം ജമ്മുകാഷ്മിരീലെ പൂഞ്ചിൽ പാക് ഷെല്ലാക്രമണത്തിൽ പരിക്കേറ്റ ലാൻസ് നായിക് ദിനേഷ് കുമാർ വീരമൃത്യു വരിച്ചു. പരിക്കേറ്റ് ചികിത്സയിലിരിക്കെയാണ് മരണം. പൂഞ്ചിലും കുപ്വാരയിലുമായി 15 ഇന്ത്യക്കാർ പാക് ആക്രണത്തിൽ മരിച്ചു. ഇതിൽ രണ്ട് സ്കൂൾ കുട്ടികളുമുണ്ട്. 43 പേർ പരിക്കേറ്റ് ചികിത്സയിലാണ്.